# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 | Issue 20 | Fortnightly | June15, 2021 | Page 24 | ₹ 10



## പ്രതികൂലാവസ്ഥയിലും സാന്ത്വനമായി സംഗീതദിനം

പേജ് 3

ഡോ.മണക്കാല ഗോപാലകൃഷ്ണൻ


| | |
|---|---|
| എൽഡി ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് മുഖ്യ പരീക്ഷയുടെ സിലബസ് | പേജ് 8 |
| MENTAL ABILITY | പേജ് 10 |
| കലയും സാഹിത്യവും | പേജ് 11 |
| ചരിത്രത്തോടൊപ്പം നടന്നവർ | പേജ് 12 |
| ജീവിതം, ഭാഷ, വ്യാകരണം | പേജ് 13 |
| മൈനസിന് വിട | പേജ് 14 |
| ENRICH YOUR GK | പേജ് 15 |
| പൊതു വിജ്ഞാനദർപ്പണം | പേജ് 18 |
| LANGUAGE CORNER | പേജ് 19 |
| REVISED EXAMINATION PROGRAMME-JULY 2021 | പേജ് 20 |
| മത്സരപരീക്ഷ ഇടനാഴി | പേജ് 23 |


### കേരളത്തിലെ സർവ്വകലാശാലകളിൽ
### യൂണിവേഴ്സിറ്റി എഞ്ചിനീയർ, പ്രോഗ്രാമർ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II (ലൈബ്രറി), ഓവർ സിയർ ഗ്രേഡ് II (ഇലക്ട്രിക്കൽ), ഇലക്ട്രീഷ്യൻ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ഹെവി പാസഞ്ചർ/ ഗുഡ്സ് വെഹിക്കിൾ)
### എന്നീ തസ്തികകളിൽ വിജ്ഞാപനം

പി.എസ്.സി. ബുള്ളറ്റിനിന്റെ ഇ.വെർഷൻ കാണുവാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

പി.എസ്.സി.ബുള്ളറ്റിൻ സബ്സ്ക്രൈബ് ചെയ്യാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**
ഡോ. കെ. പി. സജിലാൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**
ടി. ആർ. അനിൽകുമാർ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
പി. എച്ച്. മുഹമ്മദ് ഇസ്മയിൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
റോഷൻ റോയ് മാത്യു
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
എസ്. എ. സെയ്ഫ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
ബോണി കുര്യാക്കോസ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**
സാജു ജോർജ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**
സുനുകുമാർ കെ. വി.

ഫോൺ : 0471 2546368 OR 9446412483
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): 0471 2546270

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി.ഒ., തിരുവനന്തപുരം - 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്. പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

**ആസ്ഥാന ഓഫീസ് എൻക്വയറി**
ജനറൽ എൻക്വയറി 0471 2546400, 0471 2546401, 0471 2444428, 0471 2444438, 0471 2447201
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

**മേഖലാ ഓഫീസുകൾ**
കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

**ജില്ലാ ഓഫീസുകൾ**
തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102


## നേരിട്ട്...




അഡ്വ. എം. കെ. സക്കീർ
ചെയർമാൻ
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ


# കോവിഡു കാലത്തെ പി.എസ്.സി.പരീക്ഷ; ഉദ്യാഗാർത്ഥികൾ ജാഗ്രത കാണിക്കണം

കോവിഡു കാലത്തെ കടുത്ത നിയന്ത്രണങ്ങൾക്കിടയിലും കേരളാ പി.എസ്.സിയുടെ തെരഞ്ഞെടുപ്പു നടപടികൾക്ക് തടസ്സമുണ്ടാകാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തുകയാണ്. കോവിഡ് വ്യാപനം, പൊതുഗതാഗത സൗകര്യത്തിന്റെ കുറവ്, പരീക്ഷാ കേന്ദ്രങ്ങൾ ലഭിക്കുന്നതിലുള്ള പ്രയാസം എന്നിവ കാരണം 2021 ഏപ്രിൽ 20 മുതൽ മെയ് 20 വരെ നിശ്ചയിച്ച എല്ലാ പരീക്ഷകളും താൽക്കാലികമായി മാറ്റിവെക്കേണ്ടി വന്നിരുന്നു. മെയ്, ജൂൺ മാസങ്ങളിൽ നിശ്ചയിച്ച മുഖാമുഖങ്ങളും സർട്ടിഫിക്കറ്റ് പരിശോധനകളും മാറ്റി വെച്ചിരുന്നു. എന്നാൽ കോവിഡ് വ്യാപന സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിലും പി.എസ്.സി.യുടെ തെരഞ്ഞെടുപ്പ് നടപടികൾ അനിശ്ചിതമായി മാറ്റിവെക്കുന്നത് സ്ഥാപനത്തിനും ഉദ്യോഗാർത്ഥികൾക്കും പ്രയാസകരമായിരിക്കും. ഈ സാഹചര്യത്തിലാണ് മാറ്റി വെച്ച പരീക്ഷകളും മുഖാമുഖങ്ങളും ജൂലായ് മുതൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

കോവിഡ് സാഹചര്യത്തിൽ പരീക്ഷാ കേന്ദ്രങ്ങൾ ലഭിക്കുന്നതിൽ പ്രയാസമുണ്ട്. അതിനാൽ സൗകര്യപ്രദമായ വിധത്തിൽ കേന്ദ്രങ്ങൾ ലഭിക്കണമെന്നില്ല. ഉദ്യോഗാർത്ഥികൾ ഇക്കാര്യം മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോവിഡ് വ്യാപനത്തിൽ വലിയ കുറവ് വന്നിട്ടില്ലാത്ത സാഹചര്യത്തിൽ പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾ അതീവ ജാഗ്രത പാലിക്കേണ്ടതാണ്. കോവിഡ് ബാധിതരോ, നിരീക്ഷണത്തിൽ കഴിയുന്നവരോ ആയ ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ലഭിച്ചയുടൻ അതത് ജില്ലാ ഓഫീസുകളിൽ ആവശ്യമായ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. അത്തരക്കാർക്ക് പരീക്ഷ എഴുതുന്നതിന് പരീക്ഷാ കേന്ദ്രങ്ങളിൽ പ്രത്യേക സൗകര്യമൊരുക്കുവാൻ കമ്മീഷൻ തയ്യാറാണ്. രോഗാവസ്ഥ മറച്ചുവെച്ച് പരീക്ഷാ കേന്ദ്രങ്ങളിലെത്തുന്നത് ഒഴിവാക്കേണ്ടതാണ്. കോവിഡു കാലത്തും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയും പ്രോട്ടോക്കോൾ പാലിച്ചും പരീക്ഷയടക്കമുള്ള തെരഞ്ഞെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുന്ന കമ്മീഷന്റെ പ്രവർത്തനങ്ങളുമായി എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 മെയ് 31

**ഓൺലൈൻപരീക്ഷ നടത്തും**

1. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ റീജിയണൽ ഓഫീസർ (കാറ്റഗറി നമ്പർ 138/19).
2. ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 426/19).

**അഭിമുഖം നടത്തും**

കെ.എസ്.എഫ്.ഡി.സി. ലിമിറ്റഡിൽ ഫിലിം ഓഫീസർ (കാറ്റഗറി നമ്പർ 327/20).

## 2021 ജൂൺ 07

**സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും**

ടൗൺ ആൻഡ് കൺട്രി പ്ലാനിങ് വകുപ്പിൽ ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 2/ടൗൺ പ്ലാനിങ് സർവ്വേയർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 501/19).

**ഓൺലൈൻപരീക്ഷ നടത്തും**

1. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ഡയറ്റീഷ്യൻ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 394/19).
2. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഒന്നാം എൻ.സി.എ.- എൽ.സി./എ.ഐ. (കാറ്റഗറി നമ്പർ 264/20).

**അഭിമുഖം നടത്തും**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് (പോളിടെക്നിക്സ്) (കാറ്റഗറി നമ്പർ 85/19).

**ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും**

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ അഗ്രികൾച്ചർ ഓഫീസർ (എൻ.സി.എ.- പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 353/19).
2. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇംഗ്ലീഷ് (കാറ്റഗറി നമ്പർ 287/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്തമാറ്റിക്സ് (കാറ്റഗറി നമ്പർ 296/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ സുവോളജി (കാറ്റഗറി നമ്പർ 295/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ സോഷ്യോളജി (കാറ്റഗറി നമ്പർ 300/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ സൈക്കോളജി (കാറ്റഗറി നമ്പർ 299/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ ജ്യോഗ്രഫി (കാറ്റഗറി നമ്പർ 294/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്സ് (കാറ്റഗറി നമ്പർ 303/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ കെമിസ്ട്രി (കാറ്റഗറി നമ്പർ 293/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇസ്ലാമിക് ഹിസ്റ്ററി (കാറ്റഗറി നമ്പർ 292/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇക്കണോമിക്സ് (കാറ്റഗറി നമ്പർ 279/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ മലയാളം (കാറ്റഗറി നമ്പർ 289/19), അസിസ്റ്റന്റ് പ്രൊഫസർ ഇൻ സംസ്കൃതം (ജ്യോതിഷം) (കാറ്റഗറി നമ്പർ 282/19).

**വിജ്ഞാപനം പ്രസിദ്ധീകരിക്കും**

കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ യൂണിവേഴ്സിറ്റി എഞ്ചിനീയർ, പ്രോഗ്രാമർ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് 2 (ലൈബ്രറി), ഓവർസീയർ ഗ്രേഡ് 2 (ഇലക്ട്രിക്കൽ), ഇലക്ട്രീഷ്യൻ, ഡ്രൈവർ കം ഓഫീസ് അറ്റൻഡർ (ഹെവി പാസഞ്ചർ/ഗുഡ്സ് വെഹിക്കിൾ).

# പ്രതികൂലാവസ്ഥയിലും സാന്ത്വനമായി സംഗീതദിനം

ഡോ.മണക്കാല ഗോപാലകൃഷ്ണൻ

**ജൂൺ 21** ലോകസംഗീതദിനം (World Music Day). 120 ൽപ്പരം രാജ്യങ്ങൾ സംഗീതദിനം ആഘോഷമായി ആചരിച്ചു വരുന്നു. വളരെ പണ്ടുപണ്ടേ ചില സംഗീതക്കൂട്ടായ്മകളൊക്കെ ലോകം മുഴുവൻ നടന്നുവന്നിരുന്നുവെങ്കിലും വ്യവസ്ഥാപിതമായി അത് ആചരിച്ചുതുടങ്ങിയത് 1982ലാണ്. ഫ്രാൻസിലെ സാംസ്കാരിക വകുപ്പുമന്ത്രിയായിരുന്ന ജായ്ക്ക് ലാങ് (Jack Lang)* ഔദ്യോഗികമായിത്തന്നെ സംഗീതദിനാചരണത്തിന് തുടക്കം കുറിച്ചു.

സംഗീതത്തിനെന്ത് ഔദ്യോഗികത! ഉണരുമ്പോൾ മുതൽ ഉറങ്ങുന്നതുവരെ നമുക്കെല്ലാം സംഗീതമയമല്ലേ? അതിരാവിലെ ആരാധനാലയങ്ങളിൽ നിന്നുവരുന്ന മണിനാദം, ശംഖനാദം, വാങ്കുവിളി, കിളികളുടെ കളകൂജനങ്ങൾ, മുളങ്കാടിന്റെ സംഗീതം, ഓംകാരനാദം, മഴയുടെ സംഗീതജതികൾ, റയിൽപ്പാളത്തിലെ കടകടനാദം, നെഞ്ചിലെ ശ്വാസമിടിപ്പ്, പ്രകൃതിസ്വരങ്ങളുടെ ആരോഹണാവരോഹണങ്ങൾ... എന്നിങ്ങനെ എത്രയോ സംഗീതവീചികൾ നമുക്കുചുറ്റും അലയടിക്കുന്നു. ആദിയിൽ വചനമുണ്ടായി എന്ന് ബൈബിളും ''ബിസ്മില്ലാഹി റഹ്മാനി റഹീം...''എന്നു ഖുറാനുമൊക്കെ സ്വരത്തെയും സംഗീതത്തെയും പരമപ്രധാനമായി കാണുന്നു. ക്രിസ്ത്യൻപള്ളികളിലെ കുർബാനകളിലും കൂദാശകളിലുമൊക്കെ സംഗീതത്തിന് വളരെ വലിയ സ്ഥാനമാണുള്ളത്.

നമ്മുടെ ഭാവപ്രകൃതങ്ങൾക്കും വ്യത്യസ്ത മാനസികാവസ്ഥകൾക്കുമൊക്കെ അതിന്റേതായ സംഗീതമുണ്ട്. വാത്സല്യം തുടങ്ങിയ ഭാവങ്ങളുടെ സൗന്ദര്യം, ഏറ്റവും പ്രിയപ്പെട്ടവരുടെ സ്വരത്തിൽ ദർശിക്കുവാൻ കഴിയുന്ന ഇമ്പം, പ്രണയത്തിന്റെ മാധുര്യം, ഭാഷാഭേദ വൈവിദ്ധ്യങ്ങളുടെ സംഗീതമാധുര്യം ഇങ്ങനെ ചെവികൊണ്ടുമാത്രമല്ല, പഞ്ചേന്ദ്രിയങ്ങൾക്കും അനുഭവവേദ്യമാകുന്ന സംഗീത-താള ഭംഗികൾ എത്രയെത്രയാണ് ഓരോ ദിവസവും നമ്മെ ചുറ്റിപ്പറ്റി കടന്നുപോകുന്നത്.

"നത്തിംഗ് ഒഫിഷ്യൽ എബൗട്ട് ഇറ്റ്" എന്ന് പണ്ടൊരു കോളയുടെ പരസ്യത്തിൽ പറയുന്നതുപോലെയാണ് സംഗീതത്തിന്റെ കാര്യവും. അത് ഒരു ദിനാചരണത്തിൽ ഒതുക്കേണ്ട വിരളാനുഭവമല്ല. എന്നും എപ്പോഴും നമുക്ക് സംഗീതമുണ്ട്. സംഗീതാനുഭവങ്ങളിലൂടെയാണ് നാം നിരന്തരം ചരിക്കുന്നത്. മാനസികോല്ലാസത്തിനു മാത്രമല്ല, മനുഷ്യപ്രവൃത്തികളുടെ ആയാസം കുറയ്ക്കാനും ആശയങ്ങൾ കൂടുതൽ ഫലപ്രദമായി ശ്രോതൃഹൃദയങ്ങളിലെത്തിക്കാനും ചികിത്സയ്ക്കും (സംഗീതചികിത്സ), ദേശീയോദ്ഗ്രഥനം തുടങ്ങിയ മഹത്തായ ലക്ഷ്യങ്ങൾക്കുവേണ്ടിയും എന്തിന് വ്യക്തിത്വവികസനത്തിനു വേണ്ടിപ്പോലും നാം സംഗീതം ഉപയോഗപ്പെടുത്തുന്നു. ഇങ്ങനെ നാനാരംഗങ്ങളിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന സംഗീത മഹാപ്രപഞ്ചമാണ് നമുക്കു ചുറ്റും കാണുവാനാവുക.



**ഒരിക്കൽ പ്രസിദ്ധ സംഗീതജ്ഞനായ ബിസ്മില്ലാഖാൻ തന്റെ ഷെഹനായി എന്ന സംഗീതോപകരണവുമായി ഇറാനിലെത്തി. സംഗീതമൊന്നും ഇസ്ലാമിനു നിരക്കുന്നതല്ലെന്നു പറഞ്ഞ് അദ്ദേഹത്തിനെ കുറേപ്പേർ തടഞ്ഞു. ഷഹനായിൽ താനൊന്നു വാങ്കു വിളിച്ചോട്ടെ എന്ന് ബിസ്മല്ലാഖാൻ ചോദിച്ചു. തുടർന്ന് ആഹിർ ഭൈരവി രാഗത്തിൽ അദ്ദേഹം അത്യന്തം ഹൃദയസ്പർശിയായി ഭക്തിസാന്ദ്രമായി, വാങ്കു വിളിച്ചു. ആ സംഗീതവിസ്മയത്തിനു മുന്നിൽ എതിർക്കാൻ വന്നവരെല്ലാം മതിമറന്നു നിന്നുപോയി. ഇടതടവില്ലാതെ രണ്ടുമണിക്കൂറാണ് അന്ന് അദ്ദേഹം അവിടെ ഷെഹനായി വായിച്ചത്. സംഗീതത്തെ "മാലാഖമാരുടെ ഭാഷ"എന്നു ചിലർ വിശേഷിപ്പിക്കുന്നത് വെറുതേയല്ല. സംഗീതത്തിന്റെ അപ്രതിമമായ ശക്തിസൗന്ദര്യങ്ങളാണിവിടെ വെളിപ്പെടുന്നത്.**

"അയാളിൽ സംഗീതമില്ല, അതുകൊണ്ട് അയാൾ അപകടകാരിയായിരിക്കും" കാഷ്യസ്സിനെക്കുറിച്ച് സീസർ പറഞ്ഞ വാക്കുകളാണിത്. ഇതനുസരിച്ച് നല്ലൊരു വ്യക്തിത്വത്തിന് ഏറ്റവും വേണ്ട ഗുണമാണ് സംഗീതം. ഹൃദയങ്ങളുടെ സംവേദനമാണ് അത്. അതുകൊണ്ടാണ് ഭാഷകളുടെ വേലിക്കെട്ടിനു പുറത്തും സംഗീതത്തിന്റെ ഭാഷ എല്ലാവർക്കും പെട്ടെന്നു മനസ്സിലാകുന്നത്. ഭാഷയ്ക്കു മുമ്പേ സംഗീതമുണ്ടായിരുന്നു. ഒരു നിമിഷം ഏകാഗ്രതയോടെ ഒന്ന് ഇരുന്നു നോക്കൂ. പാറക്കെട്ടുകളിൽ തട്ടിത്തകരുന്ന തിരമാലകളുടെയും, കാറ്റിന്റെ ചൂളംകുത്തലിന്റെയും പക്ഷിക്കൂട്ടങ്ങളുടെ ചിറകടികളിലൂടെയുമൊക്കെ സംഗീതം നമുക്കനുഭവിക്കാനാകും. പ്രപഞ്ചസംഗീത സംവിധായകൻ ചിട്ടപ്പെടുത്തിയ ഒരു സംഗീത സമ്പ്രദായപദ്ധതിക്കനുസരിച്ച് പ്രകൃതിയിലെ ഓരോ ഘടകവും തന്റെ ഭാഗം നിർവ്വഹിക്കുകയാണ്. ഈ സംഗീതത്തോടു മുഖം തിരിക്കുന്നവൻ ക്രൂരനും പരുക്കനുമായിരിക്കുമെന്നതിൽ സംശയമില്ല. അയാളുടെ മസൃണഭാവങ്ങൾ

ക്കൊന്നും വളർച്ചയുമുണ്ടാവില്ല. സാംസ്കാരികമായും അയാൾ പിന്നാക്കാവസ്ഥയിലായിരിക്കും.

ഒരിക്കൽ പ്രസിദ്ധ സംഗീതജ്ഞനായ ബിസ്മില്ലാ ഖാൻ തന്റെ ഷെഹനായി എന്ന സംഗീതോപകരണവുമായി ഇറാനിലെത്തി. സംഗീതമൊന്നും ഇസ്ലാമിനു നിരക്കുന്നതല്ലെന്നു പറഞ്ഞ് അദ്ദേഹത്തിനെ കുറേപ്പേർ തടഞ്ഞു. ഷഹനായിൽ താനൊന്നു വാങ്കു വിളിച്ചോട്ടെ എന്ന് ബിസ്മല്ലാഖാൻ ചോദിച്ചു. തുടർന്ന് ആഹിർ ഭൈരവി രാഗത്തിൽ അദ്ദേഹം അത്യന്തം ഹൃദയസ്പർശിയായി ഭക്തിസാന്ദ്രമായി, വാങ്കു വിളിച്ചു. ആ സംഗീതവിസ്മയത്തിനു മുന്നിൽ എതിർക്കാൻ വന്നവരെല്ലാം മതിമറന്നു നിന്നുപോയി. ഇടതടവില്ലാതെ രണ്ടുമണിക്കൂറാണ് അന്ന് അദ്ദേഹം അവിടെ ഷെഹനായി വായിച്ചത്. സംഗീതത്തെ ''മാലാഖമാരുടെ ഭാഷ''എന്നു ചിലർ വിശേഷിപ്പിക്കുന്നത് വെറുതേയല്ല. സംഗീതത്തിന്റെ ശക്തിസൗന്ദര്യങ്ങളാണിവിടെ വെളിപ്പെടുന്നത്. കലാമണ്ഡലം ഹൈദരാലിക്കുവേണ്ടി ഹരിപ്പാട്ടെ ക്ഷേത്രമതിലുപൊളിച്ച് സ്റ്റേജ് കെട്ടിയതും നമ്മുടെ ഓർമ്മയിലുണ്ടല്ലോ. എന്തിനധികം പറയുന്നു, യേശുദാസിന്റെ സ്വരസംഗീതം കേൾക്കാതെ ഒരു ദിവസമെങ്കിലും ജീവിക്കാൻ മലയാളിക്കു കഴിയുമോ? അത്രയ്ക്ക് നമ്മുടെ ജീവിതത്തിൽ സംഗീതം അതിന്റെ സ്വാധീനം ചെലുത്തിക്കഴിഞ്ഞിരിക്കുന്നു.

നമ്മുടെ ചലച്ചിത്ര ഭാവഗാനങ്ങളെക്കുറിച്ചു ചിലത് ഇവിടെ പറയാതെ വയ്യ, മനസ്സിൽ തോന്നിയ പ്രണയവും പ്രേമഭംഗങ്ങളുടെ വിഷാദവും മറ്റനേകം ഭാവങ്ങളുമെല്ലാം നാം പാടിത്തീർത്തത് നമ്മുടെ സിനിമാഗാനങ്ങളിലൂടെയായിരുന്നു. ഏതു സന്ദർഭത്തിനും അനുയോജ്യമായ സിനിമാപ്പാട്ടുകൾ നമുക്ക് എത്രയെങ്കിലുമുണ്ടായിരുന്നു. സന്ദർഭമനുസരിച്ച് നാം അതു പാടി സായൂജ്യമടഞ്ഞു. ഇങ്ങനെയും സംഗീതം സാധാരണക്കാരുടെ പോലും ഇഷ്ടതോഴനായി വിലസുന്നു.

കുഞ്ഞ് ജനിക്കുമ്പോൾ മുതൽ പാട്ടുകൾ കേട്ടു തുടങ്ങുന്നു. താരാട്ടുപാട്ടുകളും കുട്ടിപ്പാട്ടുകളും നഴ്സറിഗാനങ്ങളും കുഞ്ഞിക്കവിതകളും സംഘഗാനങ്ങളുമൊക്കെ കേട്ടു വളരുന്ന കുട്ടികൾ പിന്നീട് കവിതകളുടെ സംഗീതാവിഷ്കാരങ്ങളിലേക്കും ശാസ്ത്രീയസംഗീതപഠനങ്ങളിലേക്കും നീങ്ങുന്നു. ഇന്ന് നാട്ടിലെവിടെയും സംഗീത വിദ്യാലയങ്ങൾ ധാരാളമായുണ്ട്. വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കലാമത്സരങ്ങളിലെല്ലാം സംഗീതത്തിന് വലിയ സ്ഥാനമാണുള്ളത്. ഒപ്പം മലയാള ഭാഷാ ക്ലാസ്സുകളിലെ കവിതാ-വൃത്ത പഠനങ്ങളിലും സംഗീതത്തിന് വലിയ പ്രാധാന്യമുണ്ട്.

തൊഴിൽമേഖലകളിലെല്ലാം തന്നെ സംഗീതത്തിനു വലിയ പ്രാധാന്യമുണ്ട്. ഞാറ്റുവേലപ്പാട്ട്, ഞാറുനടീൽപ്പാട്ട്, വള്ളപ്പാട്ട്, കൊയ്ത്തുപാട്ട് എന്നിങ്ങനെ എല്ലാ തൊഴിലുകളുമായി ബന്ധപ്പെട്ടും ഇവിടെ സംഗീതമുണ്ട്. ആ പാട്ടുകൾ അവരുടെ കഠിനമായ പ്രവൃത്തികൾക്കിടയിൽ അവർക്ക് അനൽപ്പമായ ആഹ്ലാദവും ഉല്ലാസവും പകരുന്നു. നാടൻ കലാമേളകളിലും വിശേഷാവസരങ്ങളിലുമെല്ലാം നമ്മുടെ നാട്ടിൽ ഇവ സ്ഥിരമായി അവതരിപ്പിക്കാറുണ്ട്.

വൈവിദ്ധ്യമാർന്ന അനുഷ്ടാനകലകളുമായി ബന്ധപ്പെട്ടും ധാരാളം പാട്ടുകൾ നമുക്കുണ്ട്. പടയണിപ്പാട്ട്, കുത്തിയോട്ടപ്പാട്ട്, പുള്ളുവൻ പാട്ട്, വിൽപ്പാട്ട്, പാണൻപാട്ട് എന്നിങ്ങനെ നമ്മുടെ ഗ്രാമഗ്രാമാന്തരങ്ങളിൽ എത്രയെത്ര



**സംഗീതത്തിന്റെ സാദ്ധ്യതകളെ ഇന്ന് ചികിത്സാരംഗത്തുവരെ ഉപയോഗിച്ചു കാണുന്നു. ഓരോ രോഗവും ഭേദപ്പെടുത്താൻ, അഥവാ അതിന്റെ തീവ്രത കുറയ്ക്കാൻ സവിശേഷമായി ഉപയോഗിക്കുന്ന സംഗീതപ്രയോഗങ്ങൾക്കു കഴിയും എന്നതാണ് സംഗീത ചികിത്സാ പദ്ധതിയുടെ അടിസ്ഥാനം. മാനസിക പിരിമുറുക്കം, മാനസികവിക്ഷോഭം, അകാരണമായ മാനസിക തളർച്ച, ഇവയുള്ളവരെ ഒരു പരിധിവരെ രോഗവിമുക്തമാക്കാൻ സംഗീതചികിത്സയിലൂടെ കഴിയുന്നുണ്ട് എന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. വൈദ്യശാസ്ത്രരംഗത്ത് വിവിധ രാഗങ്ങളെ ഉപയോഗിച്ചുകൊണ്ടുള്ള ചികിത്സ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഈജിപ്തിലും ഗ്രീക്കിലും സംഗീതത്തെയും സംഗീതോപകരണങ്ങളെയും ഉപയോഗിച്ച് രോഗങ്ങളെ ചികിത്സിച്ചിരുന്നു.**

പാട്ടുകൾ.

നൂറുകണക്കിന് കലകൾകൊണ്ട് സമ്പന്നമാണ് നമ്മുടെ കേരളം. ഈ ഓരോ കലയ്ക്കും അതിന്റേതായ പാട്ടുകളുണ്ട്. കീർത്തനങ്ങൾ, പദങ്ങൾ, തില്ലാനകൾ, രാഗമാലികകൾ, കഥകളിപ്പദങ്ങൾ, തിരുവാതിരപ്പാട്ടുകൾ, വിവിധ നൃത്തരൂപങ്ങൾക്കുവേണ്ടിയുള്ള പദങ്ങൾ എന്നിങ്ങനെ ജനപ്രിയസംഗീതത്തിന്റെ വൈവിദ്ധ്യമാർന്ന രൂപഭേദങ്ങൾക്കൊപ്പം നിയതമായ ചിട്ടവട്ടങ്ങളുടെ കാർക്കശ്യമില്ലാത്ത നാടൻപാട്ടുകളും ചൊൽക്കാഴ്ചകളും വായ്ത്താരികളുമെല്ലാം നമ്മുടെ സംഗീതതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നു.

നേതൃപാടവം, സംഘബോധം, മത്സരബുദ്ധി, സാമൂഹ്യബോധം, സംഘാടനവൈദഗ്ധ്യം തുടങ്ങി ഒട്ടേറെ കഴിവുകളുടെ വികാസമാണ് സംഘഗാനങ്ങളിലൂടെ നേടുവാൻ കഴിയുന്നത്. ദേശീയോദ്ഗ്രഥനം, ആരോഗ്യവിദ്യാഭ്യാസം തുടങ്ങി ഒട്ടേറെ മികച്ച ലക്ഷ്യങ്ങൾക്കും നാമിന്ന് സംഗീതത്തെ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. പ്രാർത്ഥനാഗാനങ്ങൾ, ദേശഭക്തി ഗാനങ്ങൾ, ദേശീയോദ്ഗ്രഥന ഗാനങ്ങൾ, സർവ്വമത പ്രാർത്ഥനാഗീതങ്ങൾ എന്നിങ്ങനെ സംഗീതത്തിന്റെ സാദ്ധ്യതകളെ ഉപയോഗിക്കുന്ന ശാഖകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. പണ്ഡിതൻമാർ മുതൽ പാമരന്മാർ വരെ ഏവരെയും ആകർഷിക്കാനുള്ള സംഗീതത്തിന്റെ കഴിവാണ് ഇവിടെയെല്ലാം നിയാമകമാകുന്നത്.

സംഗീതത്തിന്റെ സാദ്ധ്യതകളെ ഇന്ന് ചികിത്സാരംഗത്തുവരെ ഉപയോഗിച്ചു കാണുന്നു. ഓരോ രോഗവും ഭേദപ്പെടുത്താൻ, അഥവാ അതിന്റെ തീവ്രത കുറയ്ക്കാൻ സവിശേഷമായി ഉപയോഗിക്കുന്ന സംഗീതപ്രയോഗങ്ങൾക്കു കഴിയും എന്നതാണ് സംഗീത ചികിത്സാ പദ്ധതിയുടെ അടിസ്ഥാനം. മാനസിക പിരിമുറുക്കം, മാനസികവിക്ഷോഭം, അകാരണമായ മാനസിക തളർച്ച, ഇവയുള്ളവരെ ഒരു പരിധിവരെ രോഗവിമുക്തമാക്കാൻ സംഗീതചികിത്സയിലൂടെ കഴിയുന്നുണ്ട് എന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. വൈദ്യശാസ്ത്രരംഗത്ത് വിവിധ രാഗങ്ങളെ ഉപയോഗിച്ചുകൊണ്ടുള്ള ചികിത്സ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഈജിപ്തിലും ഗ്രീക്കിലും സംഗീതത്തെയും സംഗീതോപകരണങ്ങളെയും ഉപയോഗിച്ച് രോഗങ്ങളെ ചികിത്സിച്ചിരുന്നു.

ശരീരം, മനസ്സ്, ബുദ്ധി എന്നീ മൂന്ന് ഘടകങ്ങളുടെ സമഗ്രവികാസമാണ് ഏവരുടെയും വ്യക്തിത്വത്തിന് പൂർണ്ണത വരുത്തുന്നത്. മനസ്സിന്റെ സ്വച്ഛതയും ശാന്തിയുമാണ് ശരീരത്തെയും ബുദ്ധിയെയും പോഷിപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംഗീതത്തിന് നിർണ്ണായകമായ പങ്കു വഹിക്കാനാവും. മനുഷ്യമനസ്സിലേക്ക് നേരിട്ടു സംക്രമിക്കാൻ കഴിവുള്ളവയാണ് സംഗീതം പോലുള്ള സുകുമാരകലകൾ. അതിനാൽ സംഗീതകല ആസ്വദിക്കാനും അതിലൂടെ ആത്മാവിഷ്കാരം സാധിക്കാനും കഴിയുന്ന ഏതൊരാളുടെയും വ്യക്തിത്വം എളുപ്പത്തിൽ സമ്പൂർണ്ണവികാസം പ്രാപിക്കും. സമ്പൂർണ്ണമായ വ്യക്തിത്വങ്ങളുടെ സംയോജനത്തിലൂടെയാണ് സമൂഹം പുരോഗതി പ്രാപിക്കുക. അതിനാൽ സമൂഹത്തിന്റെ വളർച്ചയ്ക്കും സംഗീതം പ്രയോജനപ്പെടുന്നുണ്ട്. ഈ വസ്തുതകൾ തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നത് ഒരു നല്ല നാളെയ്ക്ക് ഗുണകരമായിത്തീരും. ●

## കമ്മിഷൻ യോഗ തീരുമാനങ്ങൾ

### 2021 ജൂൺ 14

**സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും**

വിവിധ ജില്ലകളിൽ ഐ.എസ്.എം. ഐ.എം.എസ്. ആയുർവേദ കോളേജുകൾ എന്നീ വകുപ്പുകളിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം) (കാറ്റഗറി നമ്പർ 531/19).

**അഭിമുഖം നടത്തും**

പാലക്കാട് ജില്ലയിൽ ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 (ഹോമിയോ) നാലാം എൻ.സി.എ.പട്ടികവർഗ്ഗം (കാറ്റഗറി നമ്പർ 362/20).

**ഓൺലൈൻ പരീക്ഷ നടത്തും**

കേരള സെറാമിക്സ് ലിമിറ്റഡിൽ അസിസ്റ്റന്റ് മാനേജർ (കെമിക്കൽ) (കാറ്റഗറി നമ്പർ 381/20).

## ഒഴിവുകൾ സ്വീകരിക്കുന്ന നിലവിലെ രീതി തുടരും

വിവിധ വകുപ്പ് കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽ നിന്നും/ പി.എസ്.സി വഴി നിയമനം നടത്തുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് ഒഴിവുകൾ സ്വീകരിക്കുന്ന നിലവിലെ രീതി (Tappal/e-mail/ e-vacancy) 31.12.2021 വരെ തുടരുന്നതാണ്.

## 10-ാം ക്ലാസ് പൊതുപ്രാഥമിക പരീക്ഷ- അഞ്ചാം ഘട്ടം ജൂലൈ 3ന്

10-ാം ക്ലാസുവരെ അടിസ്ഥാന യോഗ്യതയുള്ള തസ്തികകൾക്കു നാലുഘട്ടങ്ങളിലായി നടത്തിയ പൊതുപ്രാഥമിക പരീക്ഷയ്ക്ക് കമ്മിഷൻ ഉത്തരവായിട്ടുള്ള നിശ്ചിത കാരണങ്ങളാൽ ഹാജരാകാത്ത ഉദ്യോഗാർത്ഥികളിൽ 2021 മാർച്ച് 15 വരെ ആവശ്യമായ രേഖകൾ സഹിതം (അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ് മുതലായവ) അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കുവേണ്ടി മാത്രമായി 2021 ജൂലൈ 3ന് അഞ്ചാംഘട്ട പരീക്ഷ നടത്തുന്നു. അഡ്മിഷൻ ടിക്കറ്റുകൾ 2021 ജൂൺ 15 മുതൽ ടി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. 2021 ജൂൺ 25 വരെ അഡ്മിഷൻ ടിക്കറ്റ് ലഭിക്കാത്തവർ 9446445483, 0471-2546260, 0471-2546246 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

2021 മാർച്ച് 15ന് ശേഷം ലഭിച്ച അപേക്ഷകൾ, മതിയായ രേഖകൾ ഹാജരാകാത്ത അപേക്ഷകൾ എന്നിവ നിരുപാധികം നിരസിച്ചതിനാൽ ഇവർക്ക് പ്രത്യേക അറിയിപ്പ് നൽകുന്നതല്ല.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 16-06-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 16.06.2021 അവസാന തീയതി: 21.07.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2011നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ : 204/2021
### യൂണിവേഴ്സിറ്റി എഞ്ചിനീയർ
### കേരളത്തിലെ സർവ്വകലാശാലകൾ

**1. വകുപ്പ്** : കേരളത്തിലെ സർവ്വകലാശാലകൾ
**2. ഉദ്യോഗപ്പേര്** : യൂണിവേഴ്സിറ്റി എഞ്ചിനീയർ
**3. ശമ്പളം** : ₹ 68,700–1,10,400
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ് I:-** i) 2015ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിലെ Rule 2 a(i) മുതൽ (xiii) വരെ നിഷ്കർഷിക്കുന്ന സർവ്വകലാശാലകളിലേയും ഈ ആക്റ്റിൽ നിയമപ്രകാരം ചേർക്കപ്പെടുന്ന മറ്റ് സർവ്വകലാശാലകളിലെയും ടി തസ്തികയുടെ നിയമനങ്ങൾക്ക് ഈ വിജ്ഞാപനം ബാധകമായിരിക്കും.

ii) ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ പറയുന്ന എല്ലാ സർവ്വകലാശാലകളിലെയും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതു മാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷമാത്രം അയച്ചാൽ മതിയാകും. ഓരോ സർവ്വകലാശാലകളിലേയ്ക്കും അതാതു സർവ്വകലാശാലകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വേറൊരു സർവ്വകലാശാലയിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹതയില്ലാതാകുന്നതുമാണ്. ഒന്നിലധികം സർവ്വകലാശാലകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് തന്റെ പേര് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കിലെടുക്കുമ്പോൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഇല്ല. എന്നാൽ ആദ്യത്തെ സർവ്വകലാശാലയിൽ ഒഴിവുണ്ടാകുന്നതു വരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക സർവ്വകലാശാലയിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 22–50, ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് II:-** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : i) സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം അഥവാ തത്തുല്യ യോഗ്യത.

ii) സർക്കാർ/ പൊതുമേഖല/ അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലോ അതിലും ഉയർന്ന തസ്തികയിലോ ഉള്ള മൊത്തം 10 വർഷത്തെ പ്രവൃത്തി പരിചയം.

**കുറിപ്പ് III:** 1 പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/ സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.

**പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലം**

ശ്രീ/ ശ്രീമതി........................................................................... ......................... (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) എന്ന ഞാൻ...................................................................... ........................സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്, കമ്പനി, കോർപ്പറേഷൻ, സർക്കാർ വകുപ്പ്, സഹകരണ സ്ഥാപനം മുതലായവ.) ...................... തസ്തികയിൽ സ്ഥിരമായി/ താൽക്കാലികമായി/ അപ്രന്റീസ്/ ട്രെയിനി/കാഷ്വൽ ലേബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക). . . . . . രൂപ മാസശമ്പളത്തിൽ/ ദിവസശമ്പളത്തിൽ . . . . . . . മുതൽ . . . . . . . . . . വരെയുള്ള . . . . . വർഷം . . . . . . മാസം . . . . . ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിലുള്ള പരിച

ii) ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ പറയുന്ന എല്ലാ സർവ്വകലാശാലകളിലെയും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കു് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷമാത്രം അയച്ചാൽ മതിയാകും. ഓരോ സർവ്വകലാശാലകളിലേയ്ക്കും അതാതു സർവ്വകലാശാലകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വേറൊരു സർവ്വകലാശാലയിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹതയില്ലാതാകുന്നതുമാണ്. ഒന്നിലധികം സർവ്വകലാശാലകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് തന്റെ പേര് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കിലെടുക്കുമ്പോൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഇല്ല. എന്നാൽ ആദ്യത്തെ സർവ്വകലാശാലയിൽ ഒഴിവുണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക സർവ്വകലാശാലയിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് 1:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1 ബന്ധപ്പെട്ട വിഷയത്തിൽ ഉള്ള 3 വർഷത്തെ അംഗീകൃത ഡിപ്ലോമ അഥവാ തത്തുല്യമായ യോഗ്യത.

**അല്ലെങ്കിൽ**

2. എസ്സ്.എസ്സ്.എൽ.സി. അഥവാ തത്തുല്യ യോഗ്യതയും താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യതയും കൂടി ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്.

**അതായത്**

a) കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് (ദ്വിവൽസര കോഴ്സ്)

**അല്ലെങ്കിൽ**

b) ഇന്ത്യ ഗവണ്മെന്റിന്റെ തൊഴിൽ മന്ത്രാലയം നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/ സെന്റർ എന്നിവയിലെ 18 മാസത്തെ കോഴ്സിൽ ഡ്രാഫ്റ്റ്സ്മാൻ ട്രേഡിൽ (6 മാസത്തെ പ്രാക്റ്റിക്കൽ ട്രെയിനിംഗ് ഉള്ള) ഡ്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള ഡിപ്ലോമ.

## കാറ്ററി നമ്പർ : 209/2021
## ഇലക്ട്രീഷ്യൻ
## കേരളത്തിലെ സർവ്വകലാശാലകൾ

**1. വകുപ്പ്** : കേരളത്തിലെ സർവ്വകലാശാലകൾ

**2. ഉദ്യോഗപ്പേര്** : ഇലക്ട്രീഷ്യൻ

**3. ശമ്പളം** : ₹ 18,000–41,500/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്** I: i) 2015ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിലെ Rule 2 a(i) മുതൽ (xiii) വരെ നിഷ്കർഷിക്കുന്ന സർവ്വകലാശാലകളിലേയും ഈ ആക്ടിൽ നിയമപ്രകാരം ചേർക്കപ്പെടുന്ന മറ്റ് സർവ്വകലാശാലകളിലെയും ടി തസ്തികയുടെ നിയമനങ്ങൾക്ക് ഈ വിജ്ഞാപനം ബാധകമായിരിക്കും.

ii) ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ പറയുന്ന എല്ലാ സർവ്വകലാശാലകളിലെയും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കു് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷമാത്രം അയച്ചാൽ മതിയാകും. ഓരോ സർവ്വകലാശാലകളിലേയ്ക്കും അതാതു സർവ്വകലാശാലകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വേറൊരു സർവ്വകലാശാലയിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹതയില്ലാതാകുന്നതുമാണ്. ഒന്നിലധികം സർവ്വകലാശാലകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് തന്റെ പേര് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കിലെടുക്കുമ്പോൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഇല്ല. എന്നാൽ ആദ്യത്തെ സർവ്വകലാശാലയിൽ ഒഴിവുണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക സർവ്വകലാശാലയിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് II-ലെ രണ്ടാം ഖണ്ഡിക നോക്കുക.)

കുറിപ്പ് II:- യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : 1) എസ്സ്.എസ്സ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയും, എൻ.റ്റി.സി. ഇലക്ട്രിക്കൽ/ വയർമാൻ

**അല്ലെങ്കിൽ**

എസ്സ്.എസ്സ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയും വയർമാൻ ലൈസൻസും.

2) വയർമാൻ/ ഇലക്ട്രീഷ്യൻ ആയി 2 വർഷത്തെ പ്രവൃത്തി പരിചയം.

**കുറിപ്പ്:** പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/ സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.

**പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലം**

ശ്രീ/ ശ്രീമതി. . . . . . . . . . . . . . . . . . . (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) എന്ന ഞാൻ . . . . . . . . . . . . . . . . . . . .സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്, കമ്പനി, കോർപ്പറേഷൻ, സർക്കാർ വകുപ്പ്, സഹകരണ സ്ഥാപനം മുതലായവ.) . . . . . . . . . . . . . തസ്തികയിൽ സ്ഥിരമായി/ താൽക്കാലികമായി/ അപ്രന്റീസ്/ ട്രെയിനി/കാഷ്വൽ ലേബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക). . . . . രൂപ മാസശമ്പളത്തിൽ/ ദിവസശമ്പളത്തിൽ . . . . . . മുതൽ . . . . വരെയുള്ള . . . . . വർഷം . . . . മാസം . . . . ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിൽ ഉള്ള പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്.

സ്ഥലം : ഒപ്പ്

തീയതി :

## കാറ്ററി നമ്പർ : 210/2021
## ഡ്രൈവർ കം ഓഫീസ് അന്റൻഡന്റ്
## (ഹെവി പാസഞ്ചർ/ ഗുഡ്സ് വെഹിക്കിൾ)
## കേരളത്തിലെ സർവ്വകലാശാലകൾ

**1. വകുപ്പ്** : കേരളത്തിലെ സർവ്വകലാശാലകൾ

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ കം ഓഫീസ് അന്റൻഡന്റ് (ഹെവി പാസഞ്ചർ/ ഗുഡ്സ് വെഹിക്കിൾ)

**3. ശമ്പളം** : ₹ 18,000–41,500/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്** I: i) 2015ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിലെ Rule 2 a(i) മുതൽ (xiii) വരെ നിഷ്കർഷിക്കുന്ന സർവ്വകലാശാലകളിലേയും ഈ ആക്ടിൽ നിയമപ്രകാരം ചേർക്കപ്പെടുന്ന മറ്റ് സർവ്വകലാശാലകളിലെയും ടി തസ്തികയുടെ നിയമനങ്ങൾക്ക് ഈ വിജ്ഞാപനം ബാധകമായിരിക്കും.

ii) ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ പറയുന്ന എല്ലാ സർവ്വകലാശാലകളിലെയും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കു് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷമാത്രം അയച്ചാൽ മതിയാകും. ഓരോ സർവ്വകലാശാലകളിലേയ്ക്കും അതാതു സർവ്വകലാശാലകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വേറൊരു സർവ്വകലാശാലയിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹതയില്ലാതാകുന്നതുമാണ്. ഒന്നിലധികം സർവ്വകലാശാലകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് തന്റെ പേര് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കിലെടുക്കുമ്പോൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഇല്ല. എന്നാൽ ആദ്യത്തെ സർവ്വകലാശാലയിൽ ഒഴിവുണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക സർവ്വകലാശാലയിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**കുറിപ്പ് I** : ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.

**6. പ്രായം :** 18–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് I:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് കകലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ:** 1) ഏഴാം ക്ലാസ്സ് പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2) ഡ്രൈവർ ബാഡ്ജ് ഉപയോഗിച്ച് ലൈറ്റ് മോട്ടോർ വാഹനങ്ങളും ഹെവി മോട്ടോർ വാഹനങ്ങളും ഓടിക്കാൻ നിലവിലെ മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. ഹെവി മോട്ടോർ വെഹിക്കിൾസ് ഡ്രൈവിംഗ് ലൈസൻസ് കുറഞ്ഞത് 3 വർഷമെങ്കിലും ഉണ്ടായിരിക്കണം. 16.01.1979 ന് ശേഷം ലഭിച്ച ഡ്രൈവിംഗ് ലൈസൻസിന് ഹെവി ഡ്യൂട്ടി ഗുഡ്സ് വെഹിക്കിൾസ്, ഹെവി ഡ്യൂട്ടി പാസഞ്ചർ വാഹനങ്ങൾ എന്നിവ ഓടിക്കുന്നതിനുള്ള പ്രത്യേക അംഗീകാരമുണ്ട്.

**ശാരീരിക യോഗ്യതകൾ :**

(എ) ചെവി: പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

(ബി) കണ്ണ് :

| | വലത് | ഇടത് |
|---|---|---|
| ദൂരകാഴ്ച: | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച: | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ: സാധരണമായിരിക്കണം. | | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം. | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

Note I : 1) ഡ്രൈവിംഗ് ലൈസൻസ് അപേക്ഷിക്കുന്ന സമയത്ത് മാത്രമല്ല, തിരഞ്ഞെടുക്കുന്ന ഓരോ ഘട്ടത്തിലും ആവശ്യമാണ്.

2) ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിലെ പ്രാവീണ്യം ഓരോ തിരഞ്ഞെടുപ്പ് സമയത്തും കെ.പി.എസ്സ്.സി. നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ തെളിയിക്കേണ്ടതാണ്.

3) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് ലഭിച്ച ശരിയായ മെഡിക്കൽ സർട്ടിഫിക്കറ്റ് വഴി മെഡിക്കൽ ഫിറ്റ്നസ് തെളിയിക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

# എൽഡി ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് മുഖ്യ പരീക്ഷയുടെ സിലബസ്

## എൽഡി ക്ലർക്ക് – മുഖ്യ പരീക്ഷയുടെ സിലബസ്

### 1. പൊതുവിജ്ഞാനം

**(i) ചരിത്രം (5 മാർക്ക്)**

1. **കേരളം** - യൂറോപ്യൻമാരുടെ വരവ്-യൂറോപ്യൻമാരുടെ സംഭാവന - മാർത്താണ്ഡവർമ്മ മുതൽ ശ്രീചിത്തിരതിരുനാൾ വരെ തിരുവിതാംകൂറിന്റെ ചരിത്രം-സാമൂഹ്യ, മത, നവോത്ഥാന പ്രസ്ഥാനങ്ങൾ -കേരളത്തിലെ ദേശീയ പ്രസ്ഥാനങ്ങൾ - കേരള ചരിത്രത്തിന്റെ സാഹിത്യ സ്രോതസ്സുകൾ-ഐക്യകേരള പ്രസ്ഥാനം- 1956നു ശേഷമുള്ള കേരളത്തിന്റെ സാമൂഹ്യരാഷ്ട്രീയ ചരിത്രം.
2. **ഇന്ത്യ :** രാഷ്ട്രീയ ചരിത്രം -ബ്രിട്ടീഷ് ആധിപത്യം - ഒന്നാം സ്വാതന്ത്ര്യസമരം -ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം -സ്വദേശി പ്രസ്ഥാനം-സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ-വർത്തമാനപത്രങ്ങൾ സ്വാതന്ത്ര്യസമരചരിത്രകാലത്തെ സാഹിത്യവും കലയും -സ്വാതന്ത്ര്യ സമരവും മഹാത്മാഗാന്ധിയും -ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തര കാലഘട്ടം - സംസ്ഥാനങ്ങളുടെ പുനഃസംഘടന-ശാസ്ത്ര വിദ്യാഭ്യാസ സാങ്കേതിക മേഖലയിലെ പുരോഗതി - വിദേശ നയം.
3. **ലോകം :** ഇംഗ്ലണ്ടിലെ മഹത്തായ വിപ്ലവം (Great Revolution) - അമേരിക്കൻ സ്വാതന്ത്ര്യ സമരം - ഫ്രഞ്ച് വിപ്ലവം - റഷ്യൻ വിപ്ലവം -ചൈനീസ് വിപ്ലവം - രണ്ടാം ലോക മഹായുദ്ധാനന്തര രാഷ്ട്രീയ ചരിത്രം - ഐക്യരാഷ്ട്രസംഘടന, മറ്റ് അന്താരാഷ്ട്ര സംഘടനകൾ

**ii) ഭൂമിശാസ്ത്രം (5 മാർക്ക്)**

1. ഭൂമിശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങൾ- ഭൂമിയുടെ ഘടന -അന്തരീക്ഷം, പാറകൾ, ഭൗമോപരിതലം, അന്തരീക്ഷ മർദ്ദവും കാറ്റും, താപനിലയും ഋതുക്കളും, ആഗോളപ്രശ്നങ്ങൾ - ആഗോളതാപനം - വിവിധതരം മലിനീകരണങ്ങൾ, മാപ്പുകൾ -ടോപ്പോഗ്രഫിക് മാപ്പുകൾ, അടയാളങ്ങൾ, വിദൂരസംവേദനം -ഭൂമിശാസ്ത്രപരമായ വിവരസംവിധാനം, മഹാസമുദ്രങ്ങൾ സമുദ്രചലനങ്ങൾ, ഭൂഖണ്ഡങ്ങൾ, ലോകരാഷ്ട്രങ്ങളും അവയുടെ സവിശേഷതകളും
2 **ഇന്ത്യ :** ഭൂപ്രകൃതി -സംസ്ഥാനങ്ങൾ അവയുടെ സവിശേഷതകൾ - ഉത്തരപർവത മേഖല, നദികൾ, ഉത്തരമഹാസമതലം, ഉപദ്വീപീയ പീഠഭൂമി, തീരദേശം, കാലാവസ്ഥ-സ്വാഭാവിക സസ്യപ്രകൃതി -കൃഷി -ധാതുക്കളും വ്യവസായവും-ഊർജ്ജസ്രോതസ്സുകൾ-റോഡ്-ജല-റെയിൽ -വ്യോമ ഗതാഗത സംവിധാനങ്ങൾ
3. **കേരളം :** ഭൂപ്രകൃതി -ജില്ലകൾ സവിശേഷതകൾ-നദികൾ - കാലാവസ്ഥ-സ്വാഭാവിക സസ്യ പ്രകൃതി-വന്യജീവി -കൃഷിയും ഗവേഷണ സ്ഥാപനങ്ങളും -ധാതുക്കളും വ്യവസായവും - ഊർജ്ജ സ്രോതസ്സുകൾ -റോഡ് - ജല-റെയിൽ-വ്യോമ ഗതാഗത സംവിധാനങ്ങൾ

**(iii) ധനതത്വശാസ്ത്രം (5 മാർക്ക്)**

ഇന്ത്യ: സാമ്പത്തിക രംഗം, പഞ്ചവത്സര പദ്ധതികൾ പ്ലാനിംഗ് കമ്മീഷൻ, നീതി ആയോഗ്, നവസാമ്പത്തിക പരിഷ്കാരങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, കാർഷിക വിളകൾ, ധാതുക്കൾ ഹരിത വിപ്ലവം.

**(iv) ഇന്ത്യൻ ഭരണഘടന (5 മാർക്ക്)**

ഭരണഘടനാ നിർമാണ സമിതി ആമുഖം, പൗരത്വം, മൗലികാവകാശങ്ങൾ-നിർദേശക തത്വങ്ങൾ-മൗലിക കടമകൾ, ഗവൺമെന്റിനെ ഘടകങ്ങൾ, പ്രധാനപ്പെട്ട ഭരണഘടനാ ഭേദഗതികൾ (42, 44, 52, 73, 74, 86, 91), പഞ്ചായത്തീരാജ്, ഭരണഘടനാ സ്ഥാപനങ്ങളും അവയുടെ ചുമതലകളും-യൂണിയൻ ലിസ്റ്റ്-സ്റ്റേറ്റ് ലിസ്റ്റ് - കണകറന്റ് ലിസ്റ്റ്.

**(v) കേരളം – ഭരണവും ഭരണസംവിധാനങ്ങളും (5 മാർക്ക്)**

കേരളം- സംസ്ഥാന സിവിൽ സർവീസ്, ഭരണഘടനാ സ്ഥാപനങ്ങൾ, വിവിധ കമ്മീഷനുകൾ, സാമൂഹിക സാമ്പത്തിക വാണിജ്യ ആസൂത്രണ അടിസ്ഥാന വിവരങ്ങൾ , ദുരന്ത നിവാരണ അതോറിറ്റി, തണ്ണീർത്തട സംരക്ഷണം, തൊഴിലും ജോലിയും, ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതികൾ, ഭൂപരിഷ്കരണങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരുടെ സംരക്ഷണം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം.

**ക്ലാർക്ക് മുഖ്യപരീക്ഷ- മാർക്ക് വിവരം**

| | | |
|---|---|---|
| I. | പൊതുവിജ്ഞാനം | |
| i. | ചരിത്രം | 5 |
| ii. | ഭൂമിശാസ്ത്രം | 5 |
| iii. | ധനതത്വശാസ്ത്രം | 5 |
| iv. | ഇന്ത്യൻ ഭരണഘടന | 5 |
| v. | കേരളം- ഭരണവും ഭരണസംവിധാനങ്ങളും | 5 |
| vi . | ജീവശാസ്ത്രവും പൊതുജനാരോഗ്യവും | 6 |
| vii. | ഭൗതീകശാസ്ത്രം | 3 |
| viii. | രസതന്ത്രം | 3 |
| ix. | കല, കായികം, സാഹിത്യം, സംസ്കാരം | 5 |
| X. | കമ്പ്യൂട്ടർ -അടിസ്ഥാന വിവരങ്ങൾ | 3 |
| xi. | സുപ്രധാന നിയമങ്ങൾ | 5 |
| II. | ആനുകാലിക വിഷയങ്ങൾ | 20 |
| III. | ലഘുഗണിതവും, മാനസിക ശേഷിയും നിരീക്ഷണപാടവ പരിശോധനയും | 10 |
| IV. | General English | 10 |
| V. | പ്രാദേശിക ഭാഷകൾ (മലയാളം, കന്നട, തമിഴ്) | 10 |

**(vi) ജീവശാസ്ത്രവും പൊതുജനാരോഗ്യവും (6 മാർക്ക്)**

1. മനുഷ്യ ശരീരത്തെക്കുറിച്ചുള്ള പൊതു അറിവ്
2. ജീവകങ്ങളും ധാതുക്കളും അവയുടെ അപര്യാപ്തത രോഗങ്ങളും
3. സാംക്രമിക രോഗങ്ങളും രോഗകാരികളും
4. കേരളത്തിലെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ
5. ജീവിതശൈലീരോഗങ്ങൾ
6. അടിസ്ഥാന ആരോഗ്യവിജ്ഞാനം
7. പരിസ്ഥിതിയും പരിസ്ഥിതി പ്രശ്നങ്ങളും

**(vii) ഭൗതീക ശാസ്ത്രം (3 മാർക്ക്)**

1. ഭൗതീക ശാസ്ത്രത്തിന്റെ ശാഖകൾ, ദ്രവ്യം - യൂണിറ്റ്, അളവുകളും തോതും.
2. ചലനം -ന്യൂട്ടന്റെ ചലന നിയമങ്ങൾ - മൂന്നാം ചലന നിയമം- ആക്കം -പ്രൊജക്ടൈൽ മോഷൻ - മൂന്നാം ചലന നിയമം ഉപയോഗപ്പെടുത്തുന്ന സന്ദർഭങ്ങൾ, ISRO യുടെ ബഹിരാകാശ നേട്ടങ്ങൾ.
3. പ്രകാശം - ലെൻസ്, ദർപ്പണം - $r=2f$ എന്ന സമവാക്യം ഉപയോഗപ്പെടുത്തിയുള്ള ഗണിതപ്രശ്നങ്ങൾ, പ്രകാശത്തിന്റെ വിവിധ പ്രതിഭാസങ്ങൾ - മഴവില്ല് - വസ്തുക്കളുടെ വിവിധ വർണ്ണങ്ങൾ, ഇലക്ട്രോ മാഗ്നറ്റിക് സ്പെക്ട്രം- IR Rays, UV Rays , X'Rays ഫോട്ടോ ഇലക്ട്രിക് ഇഫക്റ്റ്.
4, ശബ്ദം - വിവിധ തരം തരംഗങ്ങൾ -വ്യത്യസ്ത മാധ്യമങ്ങളിൽ പ്രകാശത്തിന്റെ പ്രവേഗം അനുരണനം, ആവർത്തന പ്രതിപതനം
5. ബലം -വിവിധ തരം ബലങ്ങൾ -ഘർഷണം-ഘർഷണത്തിന്റെ ഉപയോഗങ്ങളും ദോഷങ്ങളും, ദ്രാവക മർദ്ദം-പ്ലവക്ഷമ ബലം-ആർക്കമിഡീസ് തത്വം-പാസ്കൽ നിയമം-സാന്ദ്രത - ആപേക്ഷിക സാന്ദ്രത - അഡ്ഹിഷൻ കൊഹിഷൻ ബലങ്ങൾ-കേശിക ഉയർച്ച - വിസ്കസ് ബലം -പ്രതല ബലം.
6. ഗുരുത്വാകർഷണം -അഭികേന്ദ്ര ബലം, അപകേന്ദ്രബലം ഉപഗ്രഹങ്ങൾ-പാലായന പ്രവേഗം, പിണ്ഡവും ഭാരവും ''g" യുടെ മൂല്യം -ഭൂമിയുടെ വിവിധസ്ഥലങ്ങളിൽ 'g' യുടെ മൂല്യം,
7. താപം - താപനില - വിവിധതരം തെർമോമീറ്ററുകൾ, ആർദ്രത -ആപേക്ഷിക ആർദ്രത.
8, പ്രവർത്തി - ഊർജ്ജം -പവർ -ഗണിത പ്രശ്നങ്ങൾ, ഉത്തോലകങ്ങൾ, വിവിധതരം ഉത്തോലകങ്ങൾ.

**(viii) രസതന്ത്രം (3 മാർക്ക്)**

1. ആറ്റം -തന്മാത്ര -ദ്രവ്യത്തിന്റെ വിവിധ അവസ്ഥകൾ - രൂപാന്തരത്വം -വാതക നിയമങ്ങൾ -അക്വാറീജിയ.
2. മൂലകങ്ങൾ-ആവർത്തനപട്ടിക-ലോഹങ്ങളും അലോഹങ്ങളും -രാസ-ഭൗതിക മാറ്റങ്ങൾ - രാസപ്രവർത്തനങ്ങൾ -ലായനികൾ, മിശ്രിതങ്ങൾ, സംയുക്തങ്ങൾ.
3. ലോഹങ്ങൾ - അലോഹങ്ങൾ-ലോഹസങ്കരങ്ങൾ, ആസിഡും ആൽക്കലിയും-pH മൂല്യം-ആൽക്കലോയിഡുകൾ.

**(ix) കല, കായികം, സാഹിത്യം, സംസ്കാരം (5 മാർക്ക്)**

**കല**

കേരളത്തിലെ പ്രധാന ദൃശ്യ-ശ്രാവ്യകലകൾ ഇവയുടെ ഉത്ഭവം, വ്യാപനം, പരിശീലനം എന്നിവകൊണ്ട്
- പ്രശസ്തമായ സ്ഥലങ്ങൾ
- പ്രശസ്തമായ സ്ഥാപനങ്ങൾ
- പ്രശസ്തരായ വ്യക്തികൾ
- പ്രശസ്തരായ കലാകാരൻമാർ
- പ്രശസ്തരായ എഴുത്തുകാർ

**കായികം**

1. കായികരംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച കേരളത്തിലേയും ഇന്ത്യയിലേയും ലോകത്തിലേയും പ്രധാന കായികതാരങ്ങൾ, അവരുടെ കായിക ഇനങ്ങൾ, അവരുടെ നേട്ടങ്ങൾ, അവർക്ക് ലഭിച്ചിട്ടുള്ള ബഹുമതികൾ.
2. പ്രധാന അവാർഡുകൾ - അവാർഡ് ജേതാക്കൾ - ഓരോ അവാർഡും ഏതു മേഖലയിലെ പ്രകടനത്തിനാണ് നൽകുന്നത് എന്ന അറിവ്.
3. പ്രധാന ട്രോഫികൾ - ബന്ധപ്പെട്ട മത്സരങ്ങൾ /കായിക ഇനങ്ങൾ.
4. പ്രധാന കായിക ഇനങ്ങൾ - പങ്കെടുക്കുന്ന കളിക്കാരുടെ എണ്ണം.
5. കളികളുമായി ബന്ധപ്പെട്ട പ്രധാന പദങ്ങൾ
6. ഒളിമ്പിക്സ്
   - അടിസ്ഥാന വിവരങ്ങൾ
   - പ്രധാന വേദികൾ /രാജ്യങ്ങൾ
   - പ്രശസ്തമായ വിജയങ്ങൾ/കായിക താരങ്ങൾ
   - ഒളിമ്പിക്സിൽ ഇന്ത്യയുടെ ശ്രദ്ധേയമായ പ്രകടനങ്ങൾ
   - വിന്റർ ഒളിമ്പിക്സ്
   - പാര ഒളിമ്പിക്സ്
7. ഏഷ്യൻ ഗെയിംസ്, ആഫ്രോ ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗയിംസ്, സാഫ് ഗയിംസ്
   - വേദികൾ
   - രാജ്യങ്ങൾ
   - ഇന്ത്യയുടെ ശ്രദ്ധേയമായ പ്രകടനം
   - ഇതര വസ്തുതകൾ
8. ദേശീയ ഗയിംസ്
9. ഗയിംസ് ഇനങ്ങൾ -മത്സരങ്ങൾ- താരങ്ങൾ, നേട്ടങ്ങൾ
10. ഓരോ രാജ്യത്തിന്റേയും ദേശീയ കായിക ഇനങ്ങൾ/വിനോദങ്ങൾ

**സാഹിത്യം**

1. മലയാളത്തിലെ പ്രധാന സാഹിത്യ പ്രസ്ഥാനങ്ങൾ - ആദ്യകൃതികൾ, കർത്താക്കൾ
2. ഓരോ പ്രസ്ഥാനത്തിലേയും പ്രധാനകൃതികൾ അവയുടെ കർത്താക്കൾ
3. എഴുത്തുകാർ - തൂലികാനാമങ്ങൾ, അപരനാമങ്ങൾ
4. കഥാപാത്രങ്ങൾ - കൃതികൾ
5. പ്രശസ്തമായ വരികൾ -കൃതികൾ -എഴുത്തുകാർ
6. മലയാള പത്രപ്രവർത്തനത്തിന്റെ ആരംഭം, തുടക്കം കുറിച്ചവർ, ആനുകാലികങ്ങൾ
7. പ്രധാനപ്പെട്ട അവാർഡുകൾ /ബഹുമതികൾ, അവാർഡിനർഹരായ എഴുത്തുകാർ /കൃതികൾ
8. ജ്ഞാനപീഠം നേടിയ മലയാളികൾ - അനുബന്ധ വസ്തുതകൾ
9. മലയാള സിനിമയുടെ ഉത്ഭവം, വളർച്ച, നാഴികക്കല്ലുകൾ, പ്രധാന സംഭാവന നല്കിയവർ, മലയാള സിനിമയും ദേശീയ അവാർഡും.

**സംസ്കാരം**

1. കേരളത്തിലെ പ്രധാന ആഘോഷങ്ങൾ, ആഘോഷങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ പ്രശസ്തമായ ഉത്സവങ്ങൾ.
2. കേരളത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, സാംസ്കാരിക നായകർ, അവരുടെ സംഭാവനകൾ

**X) കമ്പ്യൂട്ടർ – അടിസ്ഥാന വിവരങ്ങൾ (3 മാർക്ക്)**

**1. Hardware**
- Input Devices (Names and uses)
- Output Devices (Names and uses/features)
- Memory devices - Primary and Secondary (Examples, Features)

**2. Software**
- Classification- System software and Application software
- Operating System- Functions and examples
- Popular Application software packages- Word processors, Spreadsheets, Database packages, Presentation, Image editors (Uses, features and fundamental concepts of each)
- Basics of programming- Types of instructions (Input, Output, Store, Control transfer) (Languages need not be considered)

**3. Computer Networks**
- Types of networks LAN, WAN, MAN (Features and application area)
- Network Devices- Media, Switch, Hub, Router, Bridge, Gateway (Uses of each)

**4. Internet**
- Services - WWW, E-mail, Search engines (Examples and purposes)
- Social Media (Examples and features)
- Web Designing- Browser, HTML (Basics only)
- E-governance

5. Cyber Crimes and Cyber Laws
- Types of crimes (Awareness level)
- IT Act and Other laws (Awareness level)

**(xi) സുപ്രധാനനിയമങ്ങൾ (5 മാർക്ക്)**
1. Right to Information Act -Information Exempted; Constitution of Information Commissions- Powers and Functions.
2. Protection of Consumers- Rights of Consumers.
3. Law for the Protections of Vulnerable Sections - Protection of Civil Rights - Atrocities against SC & ST - National Commission for SC / STKerala State SC/ST Commission - National and State Minority-Commission- National Human Rights Commission and State Human- Rights Commission - Protection of Senior Citizen.
4. Protection and Safeguarding of Women- Offences affecting Public Decency and Morals. National and State Commission for Women- The Protection of Women (from Domestic Violence) Act, 2005.
5. Protection and Safeguards of Children - Protection of Children from Sexual Offence (POCSO) Act, 2012.

**II ആനുകാലിക വിഷയങ്ങൾ (20 മാർക്ക്)**

**III. ലഘുഗണിതം, മാനസികശേഷിയും നിരീക്ഷണപാടവ പരിശോധനയും**

**(i). ലഘുഗണിതം (5 മാർക്ക്)**
1) സംഖ്യകളും അടിസ്ഥാനക്രിയകളും (Numbers and Basic Operations)
2) ഭിന്നസംഖ്യകളും ദശാംശ സംഖ്യകളും (Fraction and Decimal Numbers)
3) ശതമാനം (Percentage)
4) ലാഭവും നഷ്ടവും (Profit and Loss)
5) സാധാരണ പലിശയും കൂട്ടുപലിശയും (Simple and Compound Interest)
6) അംശബന്ധവും അനുപാതവും (Ratio and Proportion)
7) സമയവും ദൂരവും (Time and Distance)
8) സമയവും പ്രവൃത്തിയും (Time and Work)
9) ശരാശരി (Average)
10) കൃത്യങ്കങ്ങൾ (Laws of Exponents)
11) ജ്യാമിതീയ രൂപങ്ങളുടെ ചുറ്റളവ്, വിസ്തീർണം, വ്യാപ്തം തുടങ്ങിയവ (Mensuration)
12) പ്രോഗ്രഷനുകൾ (Progressions)

**(ii). മാനസികശേഷിയും നിരീക്ഷണപാടവ പരിശോധനയും (5 മാർക്ക്)**
1. ശ്രേണികൾ,സംഖ്യാശ്രേണികൾ, അക്ഷരശ്രേണികൾ (Series)
2. ഗണിത ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള പ്രശ്നങ്ങൾ (Problems on Mathematics Signs)
3. സ്ഥാന നിർണയ പരശോധന
4. സമാന ബന്ധങ്ങൾ (Analogy- Word Analogy, Alphabet Analogy, Number Analogy)
5. ഒറ്റയാനെ കണ്ടെത്തുക (Odd man out)
6. സംഖ്യാവലോകന പ്രശ്നങ്ങൾ
7. കോഡിംഗും ഡീകോഡിംഗും (Coding and De Coding)
8. കുടുംബ ബന്ധങ്ങൾ (Family Relations)
9. ദിശാവബോധം ( Sense of Direction)
10. ക്ലോക്കിലെ സമയവും കോണളവും (Time and Angles)
11. ക്ലോക്കിലെ സമയവും പ്രതിബിംബവും (Time in a clock and its reflection)
12. കലണ്ടറും തീയതിയും (Date and Calendar)
13. ക്ലറിക്കൽശേഷി പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ (Clerical Ability)

**IV. GENERAL ENGLISH**

**(i). English Grammar (5 മാർക്ക്)**
1. Types of Sentences and Interchange of Sentences.
2. Different Parts of Speech.
3. Agreement of Subject and Verb.
4. Articles - The Definite and the Indefinite Articles.
5. Uses of Primary and Modal Auxiliary Verbs
6. Tag Questions
7. Infinitive and Gerunds
8. Tenses
9. Tenses in Conditional Sentences
10. Prepositions
11. The Use of Correlatives
12. Direct and Indirect Speech
13. Active and Passive voice
14. Correction of Sentences

**(ii) Vocabulary (5 മാർക്ക്)**
1. Singular & Plural, Change of Gender, Collective Nouns
2. Word formation from other words and use of prefix or suffix
3. Compound words
4. Synonyms
5. Antonyms
6. Phrasal Verbs
7. Foreign Words and Phrases
8. One Word Substitutes
9. Words often confused
10. Spelling Test
11. Idioms and their Meanings

**V. പ്രദേശിക ഭാഷകൾ (10 മാർക്ക്)**

**മലയാളം**
1) പദശുദ്ധി
2) വാക്യശുദ്ധി
3) പരിഭാഷ
4) ഒറ്റപദം
5) പര്യായം
6) വിപരീത പദം
7) ശൈലികൾ പഴഞ്ചൊല്ലുകൾ
8) സമാനപദം
9) ചേർത്തെഴുതുക
10) സ്ത്രീലിംഗം പുല്ലിംഗം
11) വചനം
12) പിരിച്ചെഴുതൽ
13) ഘടകപദം (വാക്യം ചേർത്തെഴുതുക)

**കന്നഡ**
1) Word Purity / Correct Word
2) Correct Sentence
3) Translation
4) One Word / Single Word / One Word Substitution
5) Synonyms
6) Antonyms
7) Idioms and Proverbs
8) Equivalent Word
9) Join the Word
10) Feminine Gender, Masculine Gender
11) Number
12) Sort and Write

**തമിഴ്**
1) Correct Word
2) Correct Structure of Sentence
3) Translation
4) Single Word
5) Synonyms
6) Antonyms / Opposite
7) Phrases and Proverbs
8) Equal Word
9) Join the Word
10) Gender Classification - Feminine, Masculine
11) Singular, Plural
12) Separate
13) Adding Phrases

# ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് – മുഖ്യ പരീക്ഷയുടെ സിലബസ്

**I. പൊതുവിജ്ഞാനം**
1. ഇന്ത്യൻ സ്വാതന്ത്ര്യസമരം – സ്വാതന്ത്ര്യസമര കാലഘട്ടവുമായി ബന്ധപ്പെട്ട രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മുന്നേറ്റങ്ങൾ, ദേശീയ പ്രസ്ഥാനങ്ങൾ, സ്വാതന്ത്ര്യസമരസേനാനികൾ, ഭരണ സംവിധാനങ്ങൾ തുടങ്ങിയവ. **(5 മാർക്ക്)**
2. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികൾ, യുദ്ധങ്ങൾ, പഞ്ചവത്സര പദ്ധതികൾ, വിവിധ മേഖലകളിലെ പുരോഗതികളും നേട്ടങ്ങളും **(5 മാർക്ക്)**
3. ഒരു പൗരന്റെ അവകാശങ്ങളും കടമകളും, ഇന്ത്യൻ ഭരണഘടന –അടിസ്ഥാന വിവരങ്ങൾ **(5 മാർക്ക്)**
4. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, അതിർത്തികൾ, ഇന്ത്യയുടെ അടിസ്ഥാന വിവരങ്ങൾ **(5 മാർക്ക്)**
5. കേരളം – ഭൂമിശാസ്ത്രം, അടിസ്ഥാന വിവരങ്ങൾ, നദികളും കായലുകളും, വിവിധ വൈദ്യുത പദ്ധതികൾ, വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും, മത്സ്യബന്ധനം, കായികരംഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള അറിവ്. **(10 മാർക്ക്)**
6. ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ രാഷ്ട്രീയ സാമൂഹിക മുന്നേറ്റങ്ങൾ, നവോത്ഥാന നായകന്മാർ **(5 മാർക്ക്)**
7. ശാസ്ത്ര സാങ്കേതിക മേഖല, കലാ സാംസ്കാരിക മേഖല, രാഷ്ട്രീയ, സാമ്പത്തിക സാഹിത്യ മേഖല, കായിക മേഖല എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ **(5 മാർക്ക്)**

**II. ആനുകാലിക വിഷയങ്ങൾ (20 മാർക്ക്)**

**III. സയൻസ്**

**(i) ജീവശാസ്ത്രം (5 മാർക്ക്)**

**ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് – മുഖ്യപരീക്ഷ– മാർക്ക് വിവരം**

| | വിഷയം | മാർക്ക് |
|---|---|---|
| I | പൊതുവിജ്ഞാനം | 40 മാർക്ക് |
| II | ആനുകാലിക വിഷയങ്ങൾ | 20 മാർക്ക് |
| III | സയൻസ് | 10 മാർക്ക് |
| IV | പൊതുജനാരോഗ്യം | 10 മാർക്ക് |
| V | ലഘുഗണിതവും, മാനസിക ശേഷിയും നിരീക്ഷണപാടവ പരിശോധനയും | 20 മാർക്ക് |

1. മനുഷ്യശരീരത്തെക്കുറിച്ചുള്ള പൊതു അറിവ്.
2. ജീവകങ്ങളും അപര്യാപ്തതാ രോഗങ്ങളും
3. കേരളത്തിലെ പ്രധാന ഭക്ഷ്യ, കാർഷിക വിളകൾ
4. വനങ്ങൾ, വനവിഭവങ്ങൾ,സാമൂഹിക വനവത്ക്കരണം
5. പരിസ്ഥിതിയും പരിസ്ഥിതി പ്രശ്നങ്ങളും

**(ii) ഭൗതിക ശാസ്ത്രം/രസതന്ത്രം (5 മാർക്ക്)**
1. ആറ്റവും ആറ്റത്തിന്റെ ഘടനയും
2. അയിരുകളും ധാതുക്കളും
3. മൂലകങ്ങളും അവയുടെ വർഗ്ഗീകരണവും
4. ഹൈഡ്രജനും ഓക്സിജനും
5. രസതന്ത്രം ദൈനംദിന ജീവിതത്തിൽ
6. ദ്രവ്യവും പിണ്ഡവും
7. പ്രവൃത്തിയും ഊർജ്ജവും
8. ഊർജ്ജവും അതിന്റെ പരിവർത്തനവും
9. താപവും ഊഷ്മാവും
10. പ്രകൃതിയിലെ ചലനങ്ങളും ബലങ്ങളും
11. ശബ്ദവും പ്രകാശവും
12. സൗരയൂഥവും സവിശേഷതകളും

**IV. പൊതുജനാരോഗ്യം (10 മാർക്ക്)**
1. സാംക്രമികരോഗങ്ങളും രോഗകാരികളും
2. അടിസ്ഥാന ആരോഗ്യ വിജ്ഞാനം
3. ജീവിതശൈലി രോഗങ്ങൾ
4. കേരളത്തിലെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ

**V ലഘുഗണിതവും, മാനസികശേഷിയും നിരീക്ഷണപാടവ പരിശോധനയും**

**(i) ലഘുഗണിതം (10 മാർക്ക്)**
1. സംഖ്യകളും അടിസ്ഥാന ക്രിയകളും
2. ലസാഗു, ഉസാഘ
3. ഭിന്നസംഖ്യകൾ
4. ദശാംശ സംഖ്യകൾ
5. വർഗ്ഗവും വർഗ്ഗമൂലവും
6. ശരാശരി
7. ലാഭവും നഷ്ടവും
8. സമയവും ദൂരവും

**(ii) മാനസികശേഷിയും നിരീക്ഷണപാടവ പരിശോധനയും (10 മാർക്ക്)**
1. ഗണിത ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള ക്രിയകൾ
2. ശ്രേണികൾ
3. സമാനബന്ധങ്ങൾ
4. തരം തിരിക്കൽ
5. അർത്ഥവത്തായ രീതിയിൽ പദങ്ങളുടെ ക്രമീകരണം
6. ഒറ്റയാറ്റനെ കണ്ടെത്തൽ
7. വയസ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
8. സ്ഥാന നിർണ്ണയം

# MENTAL ABILITY

**Complete the Number/Letter series (1-4)**

1. 0, 7, 26, 63 ...............
a) 124 b) 126
c) 215 d) 217

2. 1, 8, 9, 64, 25, ............
a) 125 b) 216
c) 343 d) 512

3. a-bc-aab-ccaa-bcc-ab
a) abcca b) aacbc
c) bacab d) bcbba

4. MAAL, AALM, ALMA, LMAA ............
a) MAAL b) LMAA
c) AAML d) AMLA

5. Bird: Chirp:: Horse : ?
a) Race b) Stable
c) Neigh d) Bray

6. Fact : Historian:: Fiction:...............
a) History b) Novelist
c) Scientist d) Mathematician

7. Word is related to dictionary in the same way flower is related to ..........
a) Garden b) Plant
c) Forest d) Garland

8. Book is to author as statue is to ............
a) man b) model
c) sculptor d) architect

9. Boat is releated to oar in the same way as Bicycle is related to .........?
a) Chain b) Pedal
c) Road d) Wheel

10. Buffalo is to leather as Llama is to .............?
a) Wool b) Meat
c) Silk d) Fur

11. If 121345 means SISTER and 365789 means THRONG what would 135789 mean?
a) STRONG b) OBLONG
c) OBTUSE d) COLLIDE

12. If COUNSEL is written as BITIRAK in some code language, then the word GUIDANCE will be written as?
a) FPHZZKAB b) HOHYBJBA
c) EOHYZKBB d) FOHYZJBB

13. 6:144::5: ?
a) 150 b) 125
c) 100 d) 130

14. Tarun is the father of Rohit. Rohit is the brother of kala. Kala is the wife of Dilip. How Dilip is related to Rohit?
a) Uncle b) Brother-in-law
c) Father-in-law d) Son

15. Two person are working facing one another. If the face of the first person is towards the west. In which direction will be the right hand of the second person?
a) South b) East
c) North d) West

16. A person earn two rupees on the first day. If earns double every next day. What will be his earning at the 11th day?
a) 1976 b) 2056
c) 1850 d) 2048

Ramu, Ganesh, Satish, Umesh and Ramesh are five brothers. Ganesh is 6 year younger to Ramu and 5 years to Ramesh. Ramu was born in 1985. Ramu is 4 year younger to Satish and 3 year elder to Umesh.

17. Who is eldest among five brothers?
a) Ramesh b) Satish
c) Ganesh d) Umesh

18. Who is youngest among five brothers?
a) Ramesh b) Umesh
c) Ganesh d) Ramu

19. A father is 7 times as old as his son. Two years ago, the father was 13 times as old as his son. Father's present age is ...........
a) 24 years b) 28 years
c) 30 years d) 32 years

**choose out the odd one**

20. a) Wheat b) Mustard
c) Rice d) Gram

21. a) Stick b) Needle
c) Thorn d) Pin

22. a) JOT b) OUT
c) FED d) DIN

23. a) ABDG b) IJLO
c) MNPS d) RSUY

24. If '+' means x, '-' means ÷, 'x' means '-' and '÷' means '+' then
9+8÷8-4x9 =?
a) 26 b) 17
c) 65 d) 11

25. Cells:Tissues:: Atoms: ..........
a) Elements b) Molecules
c) Electrons d) Organs

26. Which one is different from the rest
a) Indigo b) Orange
c) Yellow d) Pink

27. Choose the odd one out
a) Elephant b) Dog
c) Horse d) Camel

28. Which one is different from others?
a) 488 b) 929
c) 668 d) 667

29. Four of the following letter-number groups are similar in connection with the position of these letters in the english alphabets and hence form a group. Which one doesnot belong to the group?
a) PY8 b) EK 5
c) RV3 d) JR6

30. Find the odd man out
a) Stadium b) Stage
c) Rink d) Court

31. In a certain code CALANDER is written as CLANAEDR. How is CIRCULAR written in that code?
a) ICCRLURA b) CRIUCALR
c) CRIUCLRA d) ICRCLUAR

32. In a sports competition, the position of one of the players is 8th from the top and 84th from the bottom. What is the total number of competitors?
a) 93 b) 91
c) 89 d) 88

33. A girl introduced a boy as the son of the daughter of the father of her uncle. The boy is girl's
a) Brother b) Son
c) Uncle d) Son-in-law

34. If 1984 January 1st is Sunday what will be the day on 31.12.1984?
a) Sunday b) Monday
c) Saturday d) Tuesday

35. If the last day on 2013 is Tuesday, Republic Day on next year is on which day?
a) Monday b) Tuesday
c) Sunday d) Wednesday

36. If the given words are arranged in alphabetical order as in a dictionary, which is the third word?
JUVENILE, JOURNEY, JUDGE, JUSTICE, JUDICIAL
a) JUDICIAL b) JUDGE
c) JUSTICE d) JUVENILE

37. If the mirror image of a clock shows 9:10, what is the realtime on the clock?
a) 3.10 b) 2.50
c) 3.50 d) 2.10

38. 2, 5, 9, 19, 37 ?
a) 76 b) 74
c) 75 d) 73

39. If the time in a clock shows 12:15, what is the measure of angle formed between minute hand and hour hand?
a) $87\frac{1}{2}^0$ b) $90^0$
c) $80^0$ d) $82\frac{1}{2}^0$

40. TOMORROW : YESTERDAY:: SATURDAY :
a) Thursday b) Monday
c) Sunday d) Friday

## Answers with explanation

1. (a) Pattern is $1^3$-1, $2^3$-1,$3^3$-1, $4^3$-1......
So the missing number is (a) 124
2. (b) 216. The series follows the rule $1^2$, $2^3$, $3^2$, $4^3$, $5^2$, $6^3$
3. (d) Pattern is abbcca\abbcca\abbcca ie the answer is (d)
4. (a)
5. (c)
6. (b)
7. (d)
8. (c)
9. (b) First is moved with the help of the second
10. (a) Second is a Product obtained from the first.
11. (a)
12. (d) The Pattern is -1, -6, -1, -5, -1, -4, -1, -3
13. (c) 6x2= 12, $12^2$= 144 5x2 =10 $10^2$= 100
14. (b)
15. (a)
16. (d) Earning of the 11th days = $(2)^{11}$= 2048
17. (b) Satish- 1981, Ramu- 1985, Ganesh -1991, Ramesh- 1986
18. (c)
19. (b) Let Son's age =x
then Fathers age = 7x
Two years ago (7x-2) = 13 (x-2)
7x-2 = 13x-26
24 = 6x
x= 4, So Fathers Present age = 28 years
20. (c) All except Rice are rabi crops, while rice is a kharif crop.
21. (a) All except stick prick
22. (b) This is the only group containing two vowels.
23. (d) In all other groups, first two letters are consecutive; second and third letters are alternate and there is a gap of a 2 letter between the third and fourth letters.
24. (c) 9+8÷8-4x9
9x8+8÷4-9
= 72+2-9 = 74-9 = 65
25. (b) Cells Constitute tissues and atoms constitute molecules
26. (d) All except pink are the colors seen in a rainbow
27. (b) Except dog, all others are herbivores.
28. (d) In all other groups, Sum of the number is 20
29. (d) The last number shows the number of letters in between first two letters.
30. (b) Except stage all others are connected with games.
Rink⟶ Ice hockey ground
31. (b) In the code, the second and third letters of the word are interchanged, then fourth and fifth and then sixth and seventh.
32. (b) (84+8)-1 = 92-1 = 91
33. (a) Daughter of uncle's father - Uncle's sister- mother; Mother's Son -brother
34. (b) 1984- leap year
Hence 1985 January 1 = 2 days after sunday ie Tuesday
Therefore 1984 December 31= Monday
35. (c) Sunday
2013 December 31- Tuesday
Republic day -January 26
Between December 31st and January 26- 26 days
26/7 =5 Balance
Therefore 5th day after Tuesday is Sunday
Hence January 26- Sunday
36. (a)

| JOURNEY | JUDGE | JUDICIAL | JUSTICE | JUVENILE |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |

37. (b) 2.50
To find the real time subtract mirror image from 11.60
11.60-9.10 = 2.50
38. (c) 75. The pattern is x 2+1, x 2-1, x 2+1, x 2-1, x 2+1
39. (d) $82\frac{1}{2}^\circ$
1 minute = $6^0$
upto 12 and 3 -15 minutes
ie 15 x$6^0$= $90^0$ If the minute land moves 15 minutes, hour hand moves $\frac{15}{2} = 7\frac{1}{2}^\circ$
measure of the angle = $90 - 7\frac{1}{2} = 82\frac{1}{2}^\circ$
40. (a)



# കലയും സാഹിത്യവും-35


# സംഗീതം സ്വപ്നം പോലെയാണ്, എനിക്ക് കേൾക്കാൻ കഴിയാത്ത ഒന്ന്



1. "സംഗീതം സ്വപ്നം പോലെയാണ്, എനിക്ക് കേൾക്കാൻ കഴിയാത്ത ഒന്ന്.'' ഒരു ലോകപ്രശസ്ത സംഗീതജ്ഞന്റേതാണ് ഈ വാക്കുകൾ. ആരുടെ?
**ബീഥോവൻ**
2. ലോകസംഗീത ദിനമായി ആചരിക്കുന്ന ദിവസം
**ജൂൺ 21**
3. ലോകസംഗീത ദിനത്തിന് കാരണക്കാരനായ ഫ്രഞ്ച് സംഗീതജ്ഞൻ
**മൂറിസ് ഫ്ളൂറെ** (Maurice Fleuret)
4. 1969 ൽ പത്മഭൂഷൺ നേടിയ സംഗീതപ്രതിഭ
**ലത മങ്കേഷ്കർ**
5. 1950കൾ മുതൽ ഇറ്റാലിയൻ റേഡിയോ, ടെലിവിഷൻ, ചലച്ചിത്രം തുടങ്ങിയ മേലകളിൽ സംഗീത വിസ്മയം തീർത്ത ഈ സംഗീതജ്ഞൻ 2007 ൽ ചലച്ചിത്രലോകത്തെ വിലപ്പെട്ട സംഭാവനകൾക്ക് ഓസ്കാർ പുരസ്കാരം നേടി. ധാരാളം സിനിമകൾക്ക് പശ്ചാത്തലസംഗീതം ഒരുക്കി പുരസ്കാരങ്ങൾ നേടിയ ഇദ്ദേഹം അടുത്ത കാലത്ത് അന്തരിച്ചു.ആരാണീ പ്രതിഭ?
**എനിയോ മോറിക്കോൺ**
6. ബോനരു സംഗീത കല മേള എവിടെയാണ് നടക്കുന്നത്?
**മാഞ്ചസ്റ്റർ** (Tennessee, USA)
7. 1966 ലെ അറ്റ് ലാന്റ ഒളിംപിക്സിന്റെ ഉദ്ഘാടന വേളയിലെ സംഗീതം ചിട്ടപ്പെടുത്താൻ ഫിലിപ്പ് ഗ്ലാസ്, മിക്കിഹാർട്ട് എന്നിവരോടൊപ്പം നിയുക്തനായ ഇന്ത്യൻ സംഗീതജ്ഞൻ
**സാക്കീർ ഹുസൈൻ**
8. ന്യൂയോർക്കിനടുത്താണ് ലോകത്തെ ഏറ്റവും വലിയ റോക്ക് സംഗീതോത്സവം നടക്കുന്നത്. 1969 ൽ ആരംഭിച്ച ഈ ഉത്സവത്തിന്റെ പേരെന്താണ്?
**വുഡ്സ്റ്റോക് ഫെസ്റ്റിവൽ**



9. 'വൈഷ്ണവ ജനതോ' എന്ന 15-ാം നൂറ്റാണ്ടിലെ ഭജൻ എഴുതിയതാര്?
**നർസി മെഹ്ത**
10. പ്രശസ്ത സംഗീതപ്രതിഭയായ താൻസെന്നിന് ആ പേര് നല്കിയത് ഗ്വാളിയറിലെ രാജാ വിക്രം ജിത്താണ്. താൻസെന്നിന്റെ യഥാർത്ഥ പേരെന്താണ്?
**താന മിശ്ര**
11. ഏത് ശാസ്ത്രീയ സംഗീതജ്ഞയാണ് 1924 ലെ കോൺഗ്രസ്സിന്റെ ബെൽഗോം സെഷനിൽ അരങ്ങേറ്റം കുറിച്ചത്?
**ഗംഗുഭായ് ഹംഗൽ**
12. യേശുദാസിന് ആദ്യമായി ദേശീയ അവാർഡ് ലഭിച്ചത് ഏത് ചിത്രത്തിലെ ഗാനത്തിനാണ്?
**അച്ഛനും ബാപ്പയും** (മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു...)
13. അംജദ് അലിഖാൻ ഏത് സംഗീതോപകരണത്തിന്റെ വാദകനാണ്?



**സരോദ്**
14. ഏത് മേഖലയിലാണ് ശുഭ മുദ്ഗൽ പ്രശസ്തി നേടിയത്?
**ഹിന്ദുസ്ഥാനി സംഗീതം**
15. നെപ്പോളിയനോടുള്ള ആദരസൂചകമായി 'ഇറോയിക' എന്ന സിംഫണി ചിട്ടപ്പെടുത്തിയ സംഗീതജ്ഞൻ
**ബീഥോവൻ**
16. 'മിയ കി മൽഹർ' എന്ന രാഗം ചിട്ടപ്പെടുത്തിയ സംഗീതപ്രതിഭ



**താൻസെൻ**
17. സന്ദീപ് ദാസ് ഏത് സംഗീതോപകരണത്തിന്റെ വാദകനാണ്?
**സിതാർ**
18. ബദരിനാഥ് ഭട്ടാചാര്യ എന്ന പേര് ഒരു പ്രസിദ്ധ ഹിന്ദി പിന്നണി ഗായകന്റേതാണ്. ആരാണ് ഗായകൻ?
**കുമാർ സാനു**
19. റെഗ്ഗെ എന്ന സംഗീതധാര ലോകവ്യാപകമാക്കിയ കരീബിയൻ ഗായകൻ



**ബോബ് മാർലി**
20. ഖവാലി സംഗീതത്തിന്റെ ചക്രവർത്തിയെന്നറിയപ്പെട്ടിരുന്ന നുസ്രത്ത് ഫത്തേ അലിഖാൻ ഏത് രാജ്യക്കാരനാണ്?
**പാകിസ്ഥാൻ**
21. പ്രശസ്ത പോപ്പ് ഗായികയായ മഡോണയുടെ യഥാർത്ഥ പേര്
**ലൂയിസ് വെറോണിക്ക സിക്കോൺ**
22. കാമേശ്വരി രാഗം ചിട്ടപ്പെടുത്തിയ സംഗീതജ്ഞൻ
**പണ്ഡിറ്റ് രവി ശങ്കർ**
23. 2016 ൽ സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം നേടിയ സംഗീതജ്ഞൻ
**ബോബ് ഡിലൻ**
24. ലോക പവിത്ര സംഗീത ഉത്സവമായി കാണുന്ന ഫെസ് ഫെസ്റ്റിവൽ എവിടെയാണ് സംഘടിപ്പിക്കുന്നത്?
**മൊറാക്കൊ**
25. പ്രശസ്ത നാടോടി സംഗീതമായ 'രാഗിണി' ഏത് സംസ്ഥാനത്താണ് പ്രചാരത്തിലുള്ളത്?
**ഹരിയാന**
26. 1980 ൽ വെടിയേറ്റ് കൊല്ലപ്പെട്ട ബീറ്റിൽസ് ഗായകൻ ആര്?
**ജോൺ ലെനൻ**
27. ഏത് സംഗീത ഉപകരണത്തിലാണ് പന്നലാൽ ഘോഷ് കഴിവ് തെളിയിച്ചത്?
**പുല്ലാങ്കുഴൽ**
28. ടി. എസ്. ഇലിയറ്റിന്റെ പ്രമുഖ കവിതയായ 'ഫോർ കൊർട്ടെറ്റ്സ്' ഒരു സംഗീത ആൽബത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് രചിക്കപ്പെട്ടത്. ഏതാണ് ആൽബം?
**എ മൈനർ**
29. കേരള സംഗീതനാടക അക്കാദമി ആരംഭിച്ച വർഷം ഏത്? ആരായിരുന്നു ഉദ്ഘാടനം?
**1958, പ്രധാന മന്ത്രി ജവഹർലാൽ നെഹ്റു**
30. അമ്പലപ്പുഴ സഹോദരന്മാർ എന്ന പേരിൽ പ്രശസ്തിയാർജിച്ച ശങ്കരനാരായണപ്പണിക്കരും ഗോപാലകൃഷ്ണപ്പണിക്കരും ഏത് മേഖലയിലാണ് തിളങ്ങിയത്?
**നാദസ്വരം**



# ചരിത്രത്തോടൊപ്പം നടന്നവർ

**ചരിത്ര വീഥിയിൽ ഇടംപിടിച്ച ചില മഹദ് വ്യക്തികളെ പരിചയപ്പെടാം**



## ദയാനന്ദ് സരസ്വതി (1824-1883)

വേദങ്ങളിലേക്കു മടങ്ങുക എന്ന് ആഹ്വാനം ചെയ്ത ദയാനന്ദ് സരസ്വതി ആധുനിക കാലത്തെ പ്രധാന സാമൂഹിക പരിഷ്കർത്താക്കളിലൊരാളാണ്. വേദങ്ങളിലധിഷ്ഠിതമായ ഒരു നവഭാരത സംസ്കാരം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച അദ്ദേഹമാണ് ഇന്ത്യയുടെ പിതാമഹൻ എന്നറിയപ്പെടുന്നത്. ഇന്ത്യ ഇന്ത്യക്കാർക്ക് എന്ന ഉദ്ബോധനം ആദ്യമായി മുഴക്കിയ ദയാനന്ദ് സരസ്വതിയാണ് 1875-ൽ ആര്യസമാജം സ്ഥാപിച്ചത്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ പിൽക്കാലത്ത് മുഴങ്ങിയ 'സ്വദേശി' എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചത് ദയാനന്ദ് സരസ്വതിയാണ്. 1824 ഫെബ്രുവരി 12-ന് ഗുജറാത്തിലെ കത്തിയവാഡ് മേഖലയിലെ മോർബിക്കടുത്ത് തങ്കാരയിലാണ് ബ്രാഹ്മണസമുദായത്തിൽ കർഷൻജി ലാൽജി തിവാരിയുടെയും യശോദാബായിയുടെയും പുത്രനായി ദയാനന്ദ് സരസ്വതി ജനിച്ചത്. ചെറുപ്പത്തിലെ പേര് മൂൽശങ്കർ എന്നായിരുന്നു. ദയാനന്ദ് സരസ്വതിക്ക് ദയാനന്ദ് എന്ന പേരുനൽകിയത് സ്വാമി വിരജാനന്ദാണ്. ആര്യസമാജത്തിന്റെ ബൈബിൾ എന്നറിയപ്പെടുന്ന സത്യാർഥപ്രകാശം രചിച്ചത് ദയാനന്ദ് സരസ്വതിയാണ്. വേദ ഭാഷ്യ ഭൂമിക എന്ന കൃതിയും അദ്ദേഹം രചിച്ചു. ഹിന്ദുമതത്തിൽ നിന്ന് വിട്ടുപോയവരെ തിരികെകൊണ്ടുവരുന്നതിന് അദ്ദേഹം ശുദ്ധി പ്രസ്ഥാനം ആരംഭിച്ചു.

1883 സെപ്തംബർ 29-ന് ദയാനന്ദ് സരസ്വതിക്ക് ജോധ്പൂർ രാജാവിന്റെ കൊട്ടാരത്തിൽവച്ച് ഭക്ഷ്യവിഷബാധയേറ്റു. രാജാവ് അദ്ദേഹത്തെ ചികിത്സയ്ക്കായി മൗണ്ട് അബുവിലേക്ക് അയച്ചു. മെച്ചപ്പെട്ട ചികിത്സയ്ക്കായി അജ്മീറിലേക്ക് കൊണ്ടുപോയെങ്കിലും ഒക്ടോബർ 30-ന് അന്തരിച്ചു. ശ്രീരാമകൃഷ്ണപരമഹംസർ, വിവേകാനന്ദൻ തുടങ്ങി പിൽക്കാല സാമൂഹിക പരിഷ്കർത്താക്കളിൽ പലരെയും സ്വാധീനിച്ച ദയാനന്ദ് സരസ്വതി 'ഹിന്ദുമതത്തിലെ കാൽവിൻ' എന്നറിയപ്പെടുന്നു (ഫ്രഞ്ച് തിയോളജിസ്റ്റായ ജോൺ കാൽവിനാണ് (1509-1564) പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനത്തിന് സാരഥ്യം പകർന്നത്).

## നാനാ സാഹിബ് (1824-1859)

1857-ലെ കലാപകാലത്ത് കാൺപൂരിൽ നേതൃത്വം പകർന്ന നാനാ സാഹിബിന്റെ ജനനം 1824 മെയ് 19 ന് ആയിരുന്നു. നാരായൺ ഭട്ടും ഗംഗാഭായിയും മാതാപിതാക്കൾ. ബാല്യകാല നാമം ധോണ്ടു പാന്ത്. പേഷ്വാ ബാജിറാവു രണ്ടാമൻ മക്കളില്ലാത്തതിനാൽ നാനാ സാഹിബിനെയും അനുജനെയും 1827-ൽ ദത്തെടുത്തു. നാനാ സാഹിബിന്റെ ബാല്യകാല സുഹൃത്തുക്കൾ താന്തിയാ തോപ്പി, ലക്ഷ്മിബായി, അസിമുള്ള ഖാൻ എന്നിവരായിരുന്നു. 1851-ൽ ബാജിറാവു രണ്ടാമൻ നിര്യാതനായി. അസിമുള്ള ഖാൻ നാനാ സാഹിബിന്റെ കീഴിൽ ദിവാനായി. ബാജിറാവു രണ്ടാമന് ബ്രിട്ടീഷുകാർ നൽകിയിരുന്ന പെൻഷൻ, ദത്തുപുത്രനാണെന്ന ന്യായം പറഞ്ഞ് നാനാ സാഹിബിന് നിഷേധിച്ചു. മാത്രമല്ല, ദത്തപഹാര നയത്തിലൂടെ രാജ്യത്തിനെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അധീനതയിലേക്ക് മാറ്റുകയും ചെയ്തു. തന്റെ പ്രശ്നങ്ങൾ ബ്രിട്ടീഷ് സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനായി നാനാ സാഹിബ് 1853-ൽ അസിമുള്ള ഖാനെ ഇംഗ്ലണ്ടിലേക്ക് അയച്ചെങ്കിലും ഖാൻ തന്റെ ദൗത്യത്തിൽ പരാജിതനായി മടങ്ങിയെത്തി (1855).

1857-ൽ പൊട്ടിപ്പുറപ്പെട്ട കലാപം കാൺപൂരിലേക്ക് വ്യാപിക്കുകയാണെങ്കിൽ ബ്രിട്ടീഷുകാരെ സഹായിക്കാമെന്ന് നാനാ സാഹിബ് അവർക്ക് ഉറപ്പ് നൽകിയിരുന്നെങ്കിലും പിന്നീടദ്ദേഹം കലാപകാരികൾക്കൊപ്പം നിലകൊള്ളുന്ന സമീപനമാണ് സ്വീകരിച്ചത്. ജനറൽ വീലർ നേതൃത്വം നൽകിയ ബ്രിട്ടീഷ് സേന നാനാ സാഹിബിനോട് അടിയറവ് പറഞ്ഞു. 1857 ജൂലൈ 19-ന് ഹാവെലോക്കിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സൈന്യം കാൺപൂർ കീഴടക്കി. നാനാസാഹിബ് ബിഥൂരിലേക്ക് കടന്നു. പിന്നീട് നാനാ സാഹിബ് യുദ്ധരംഗത്ത് പ്രത്യക്ഷപ്പെട്ടില്ല. 1859-ൽ നാനാസാഹിബ് നേപ്പാളിലേക്ക് പലായനം ചെയ്തു.



## ദാദാഭായ് നവറോജി (1825-1917)

ബ്രിട്ടീഷ് പാർലമെൻറിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ, 'സ്വരാജ്' എന്ന പദം ആദ്യമായി ഉപയോഗിച്ചയാൾ, ഇന്ത്യൻ രാഷ്ട്രീയത്തിൻെറയും ധനശാസ്ത്രത്തിൻെറയും പിതാവ്, കോൺഗ്രസിൻെറ രണ്ടാമത്തെ പ്രസിഡൻറ് എന്നീ നിലകളിൽ പ്രശസ്തനായ അദ്ദേഹമാണ് ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെട്ടിരുന്നത്. കോൺഗ്രസിന് ആ പേരു നിർദ്ദേശിച്ചതും നവറോജിയാണ്. 1825 സെപ്തംബർ നാലിന് ജനിച്ചു. 1845-ൽ ബി.എ ബിരുദം നേടി. 1850-ൽ എൽഫിൻസ്റ്റൺ സ്കൂളിൽ അസിസ്റ്റൻറ് ഹെഡ്മാസ്റ്ററായി. 1854-ൽ എൽഫിൻസ്റ്റൺ കോളേജിൽ ഗണിതത്തിൻെറയും നാച്ചുറൽ ഫിലോസഫിയുടെയും പ്രൊഫസറായി. കോളേജ് പ്രൊഫസറായ ആദ്യ ഇന്ത്യക്കാരൻ. 'ബോംബെ പ്രസിഡൻസി അസോസിയേഷൻ' രൂപവൽക്കരിക്കുന്നതിൽ മുൻകൈയെടുത്തു. 1855-ൽ ലണ്ടനിലേക്ക് പോയി. 1856-ൽ ലണ്ടൻ സർവകലാശാലയിൽ ഗുജറാത്തി പ്രൊഫസറായി. Poverty and UnBritish Rule എന്ന അദ്ദേഹത്തിൻെറ പുസ്തകം ഏറെ ശ്രദ്ധിക്കപ്പെട്ടു. 'ഊറ്റിയെടുക്കൽസിദ്ധാന്തം' അഥവാ 'ചോർച്ചാ സിദ്ധാന്തം' ആവിഷ്കരിച്ചത് ദാദാഭായിയാണ്.



1892-ൽ ബ്രിട്ടീഷ് പാർലമെൻറിലേക്ക് ലിബറൽ പാർട്ടി സ്ഥാനാർഥിയായി സെൻട്രൽ ഫിൻസ്ബറി നിയോജകമണ്ഡലത്തിൽനിന്ന് മൽസരിച്ച് വിജയിച്ചു. 1886-ൽ കൊൽക്കത്തയിൽ നടന്ന രണ്ടാം കോൺഗ്രസ് സമ്മേളനത്തിലും 1893-ലെ ലാഹോർ സമ്മേളനത്തിലും 1906-ലെ സമ്മേളനത്തിലും അധ്യക്ഷതവഹിച്ചു. 1917 ജൂൺ 30ന് അന്തരിച്ചു. വോയ്സ് ഓഫ് ഇന്ത്യ എന്ന പത്രം ആരംഭിച്ചത് ദാദാഭായ് നവറോജിയാണ്.

## ജ്യോതിറാവു ഫുലെ (1827-1890)

സാമൂഹിക പരിഷ്കർത്താവ്,ചിന്തകൻ, ഗ്രന്ഥകർത്താവ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹാനാണ് ജ്യോതിറാവു ഫുലെ (മഹാത്മാ ഫുലെ). മഹാത്മാ ഫുലെയും ഭാര്യ സാവിത്രിഭായി ഫുലെയും ഇന്ത്യയിലെ സ്ത്രീ വിദ്യാഭ്യാസത്തിന്റെ മാർഗദർശികളായി അറിയപ്പെടുന്നു. ഭരണഘടനാ ശിൽപി ഡോ.അംബേദ്കർ തന്റെ രാഷ്ട്രീയ ഗുരുവായി കണക്കാക്കിയിരുന്നത് ജ്യോതിറാവു ഫുലെയെയാണ്. ഫുലെയുടെ ജീവചരിത്രകാരനായ ധനഞ്ജയ് കീർ അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത് ഇന്ത്യൻ സാമൂഹിക വിപ്ലവത്തിന്റെ പിതാവ് എന്നാണ്. മഹാരാഷ്ട്രയിലെ സത്താറയിൽ 1827 ഏപ്രിൽ പതിനൊന്നിനാണ് ജ്യോതിറാവു ഫുലെ ജനിച്ചത്. ഗോവിന്ദ റാവുവായിരുന്നു പിതാവ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, പിതാവിനെ കച്ചവടത്തിൽ സഹായിക്കാനായി പഠനം നിർത്തി. പിൽക്കാലത്ത് സ്കോട്ടിഷ് മിഷൻ ഹൈസ്കൂളിൽ ചേരുകയും 1847-ൽ പഠനം പൂർത്തിയാക്കുകയും ചെയ്തു. പന്ത്രണ്ടാം വയസ്സിലായിരുന്നു ഫുലെയുടെ വിവാഹം. വിധവാ വിവാഹത്തെ പ്രോത്സാഹിപ്പിച്ച ഫുലെ, പെൺശിശുഹത്യയ്ക്കെതിരെ പ്രവർത്തനം നടത്തി. ഫുലെയുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച പ്രമുഖ വനിതകളാണ് സാവിത്രിഭായി ഫുലെയും പണ്ഡിത രമാഭായിയും.

1873-ൽ അദ്ദേഹം സത്യശോധക് സമാജം സ്ഥാപിച്ചു. 1888-ൽ മുംബൈയിലെ മറ്റൊരു പ്രമുഖ സാമൂഹിക പരിഷ്കർത്താവായ റാവു ബഹാദൂർ വിതൽറാവു കൃഷ്ണാജി വന്ദേക്കർ, മഹാത്മാ എന്ന വിശേഷണം ഫുലേക്ക് ചാർത്തി. 1876 മുതൽ 1882 വരെ ഫുലെ, പൂനെ മുനിസിപ്പാലിറ്റിയിൽ അംഗമായിരുന്നു. ഇന്ത്യയിലാദ്യമായി ഛത്രപതി ശിവജിയുടെ ജന്മദിനം (ശിവ ജയന്തി) ആഘോഷിച്ചത് മഹാത്മാ ഫുലെയാണ്. റായ്ഗഡ് കോട്ടയിൽ വള്ളിപ്പടർപ്പിനുള്ളിൽ മറഞ്ഞുകിടന്നിരുന്ന ശിവജിയുടെ ശവകുടീരം കണ്ടെത്തിയത് അദ്ദേഹമാണ്. 1890 നവംബർ 28-ന് ഫുലെ അന്തരിച്ചു. ദളിത് എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് ജ്യോതിബ ഫുലെ ആണ്. •



# ജീവിതം, ഭാഷ, വ്യാകരണം ക്രിയാവിശേഷങ്ങൾ 5

**മലയാള ഭാഷയെയും വ്യാകരണത്തെയും പരിചയപ്പെടുത്തിക്കൊണ്ട്**
**മുൻ അദ്ധ്യാപകൻ ഡോ. ബി ബാലചന്ദ്രൻ എഴുതുന്ന പരമ്പര**

''ഏറെ മോന്തിയായിട്ടുള്ളൊരു
മധുരമിടാ ചായയിൽ
പങ്കുചേരുവാൻ വന്നൊരു
മധുരമുള്ള വേദന.
കാലുമേലെ കാലുകേറ്റി
സോഫയിൽ ഇരുന്ന് നീ ''

**(സിതാര കൃഷ്ണകുമാർ)**

മധുരമായ ഈ പാട്ടിലെ, ചേരുവാൻ, വന്നു, ഇരുന്നു- എന്നീ ക്രിയകളുടെ പ്രകൃതി നോക്കുക. പങ്കുചേർന്നതും വന്നതും ഇരുന്നതുമെല്ലാം ചെയ്തയാൾ (കർത്താവ്) സ്വമേധയാ ചെയ്തതാണ്. ഇതിനെ കേവലക്രിയ എന്നു വിളിക്കുന്നു.



''കായലരികത്ത് വലയെറിഞ്ഞപ്പൊ
വളകിലുക്കിയ സുന്ദരീ
പെണ്ണുകെട്ടിന് കുറിയെടുക്കുമ്പോൾ
ഒരു ഞറുക്കിന് ചേർക്കണേ''
കണ്ണിനാലെന്റെ കരളിനുരുളിയിൽ
എണ്ണ കാച്ചിയ നൊമ്പരം
ഖൽബിലറിഞ്ഞപ്പോൾ
ഇന്നു ഞമ്മളു
കയറുപൊട്ടിയ പമ്പരം

**(പി.ഭാസ്കരൻ)**

നാടൻ പ്രണയത്തിന്റെ ചന്തമിയന്ന ഈ പഴയപാട്ടിലെ കിലുക്കി, ചേർക്കുക, കാച്ചി- എന്നീ ക്രിയകൾ പ്രേരണ കൊണ്ട് നടക്കുന്നതാണ്.

കിലുങ്ങി...... (കുപ്പിവള കിലുങ്ങണല്ലോ- എന്ന പാട്ട് ഓർമയില്ലേ).... പ്രേരണയില്ലാതെ സംഭവിച്ച ക്രിയയാണ്. പക്ഷേ, അവൾ വളകിലുക്കി- എന്നാകുമ്പോഴോ, പ്രേരണയുണ്ടെന്ന് വ്യക്തം.

പ്രേരണ കൊണ്ട് ഉണ്ടാകുന്ന ക്രിയയാണ് പ്രയോജക ക്രിയ.

''പാട്ടുപാടി ഉറക്കാം ഞാൻ''

''ഉറങ്ങിക്കിടന്ന ഹൃദയം നീ''

ആദ്യവരിയിലെ 'ഉറക്കുക'യും രണ്ടാം വരിയിലെ 'ഉറങ്ങുക'യും താരതമ്യം ചെയ്യുമ്പോൾ കേവലത്തിന്റെയും പ്രയോജകത്തിന്റെയും പൊരുൾ നന്നായി മനസ്സിലാകും.

''കരയുന്നോ പുഴ ചിരിക്കുന്നോ''- എന്ന പി.ഭാസ്കരന്റെ നൊമ്പരമുണർത്തുന്ന പാട്ടിലെ കരയുന്ന, ചിരിക്കുന്ന - എന്ന രണ്ടു ക്രിയകളും കേവലക്രിയകളാണ്. ചിരിക്കുന്ന എന്ന ക്രിയയിൽ 'ക്കു' വന്നിരിക്കുന്നു.

കേവലക്രിയയിൽ 'ക്കു' ചേർന്നുവരുന്നതിനെ കാരിതം എന്നു പറയുന്നു.

കേവലക്രിയയിൽ 'ക്കു' ചേർത്തുവരാത്ത ക്രിയയെ അകാരിതം എന്നു വിളിക്കുന്നു.

(ഉദാ: കരയുന്ന)

കാരിതത്തിനും അകാരിതത്തിനും കേവലക്രിയയോടു മാത്രമേ ബന്ധമുള്ളൂ.

ഇ, പ്പി, ത്തു- എന്നീ പ്രത്യയങ്ങൾ ചേരുമ്പോൾ പ്രയോജകരൂപമുണ്ടാകുന്നു.


''ഉണർത്തൂ ദയവായി-
യുണർത്തൂ; കയ്യും കാലും
കിടക്കപ്പായിൽത്തല്ലി-
യുറക്കെക്കരയുമ്പോൾ,
കനവിൻ കള്ളത്താഴിൽ-
ത്തിരിയുന്നില്ലാ താക്കോൽ,
തുറക്കൂ വാതിൽ!
കൃഷ്ണമണികൾ മുഴങ്ങുന്നു.''

**(നക്ഷത്രബംഗ്ലാവ്, ഷീജ വക്കം)**

ചിന്താർഹമായ ഈ വരികളിലെ ക്രിയകളെ വിചാരണ ചെയ്യുക

| | | |
|---|---|---|
| ഉണരുക | - | ഉണർത്തുക |
| തുറക്കുക | - | തുറപ്പിക്കുക |
| മുഴങ്ങുക | - | മുഴക്കുക |
| കരയുക | - | കരയിക്കുക |

''ദ്യോവിനെ വിറപ്പിക്കു -
മാവിളി കേട്ടോ, മണി-
ക്കോവിലിൽ മയങ്ങുന്ന
മാനവരുടെ ദൈവം''



**(സഹ്യന്റെ മകൻ - വൈലോപ്പിള്ളി)**

ആശയഗംഭീരമായ ഈ കവിത തന്ന സങ്കടം സഹൃദയരെ വല്ലാതെ ഉലച്ചിട്ടുണ്ട്. വിറപ്പിക്കും, മയങ്ങുന്ന എന്നീ ക്രിയകൾ പ്രയോഗ സവിശേഷത കൊണ്ട് ശ്രദ്ധേയമാണ്. ദ്യോവിനെ വിറപ്പിച്ചു. മണിക്കോവിലിൽ മയങ്ങുന്നു. വെടിയേറ്റ സഹ്യന്റെ മകന്റെ അലർച്ച വേദനങ്ങൾ വാഴുന്ന ആകാശത്തെ, സ്വർഗത്തെ - വിറപ്പിച്ചു. വിറച്ചത് ദ്യോവാണ്; വിറപ്പിച്ചത് മദഗജത്തിന്റെ അലർച്ചയും. ഇവിടെ (വിറപ്പിച്ചത്) കർത്താവും കർമവുമുണ്ട്.

മയങ്ങുന്നത് മാനവരുടെ ദൈവമാണ്. കർത്താവ് മാത്രമേയുള്ളൂ, കർമമില്ല.

കർമമുള്ള ക്രിയ സകർമകവും കർമമില്ലാത്തത് അകർമകവും.

വിറപ്പിച്ചു- സകർമകവും മയങ്ങുന്ന അകർമകവുമാണ്.

ആരെ? എന്തിനെ? എന്ന അന്വേഷണത്തിന് ഉത്തരം കിട്ടുമെങ്കിൽ സകർമകക്രിയയാണ്. ഉദാ: ആരെ വിറപ്പിച്ചു? ദ്യോവിനെ എന്ന ഉത്തരം കിട്ടിയല്ലോ.

ആരെ മയങ്ങി? എന്തോന്നു ചോദ്യം. ആരെയെങ്കിലും മയങ്ങുമോ? ഈ ക്രിയ കർമത്തിൽ തൊടുന്നില്ല, അതിനാൽ അകർമക ക്രിയ.

എല്ലാ പാട്ടുകളും
പകുതി പാടുന്നതേയുള്ളൂ
എല്ലാ കവിതകളും
പകുതി എഴുതുന്നതേയുള്ളൂ.....................................
പകുതി തുറന്ന കണ്ണുകൾക്കാണ് ഭംഗി
പകുതി തുറന്ന വായ്ക്കും ഭംഗി
പകുതി വസ്ത്രം ധരിക്കുന്നതിൽ അഴകുണ്ട്

**(പകുതി- എസ്.ജോസഫ്)**

ഈ കവിതാഭാഗത്തുള്ള ഉള്ളൂ, ആണ്, ഉണ്ട്- എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. ഇവയൊക്കെ ചില കാലങ്ങളിലും പ്രകാരങ്ങളിലും മാത്രമേ പ്രയോഗിക്കാനാവുകയുള്ളൂ. മറ്റു ക്രിയകളെപ്പോലെ അനേകം രൂപഭേദങ്ങൾ ഈ ക്രിയകൾക്കില്ല. ഇപ്രകാരം ചില രൂപങ്ങളിൽ മാത്രം പ്രയോഗമുള്ള ക്രിയകളെ ഖിലധാതുക്കൾ എന്നു പറയുന്നു. അല്ല, ഇല്ല, വേണം, വേണ്ട, അരുത്- എന്നീ ഖിലധാതുക്കൾ ഭാഷയിൽ ധാരാളമായി പ്രയോഗിക്കുന്നുണ്ട്.

**അധ്യായത്തിന്റെ ചുരുക്കം**

| | |
|---|---|
| കേവലക്രിയ | - തനിയേ സംഭവിക്കുന്നു |
| പ്രയോജകക്രിയ | - പരപ്രേരണയാൽ സംഭവിക്കുന്നു |
| കാരിതം | - കേവലക്രിയയിൽ 'ക്കു' ചേർത്തു വരുന്ന രൂപം. |
| അകാരിതം | - കേവലക്രിയയിൽ 'ക്കു' ചേർത്തു വരാത്തത്. |
| സകർമക ക്രിയ | - കർമമുള്ള ക്രിയ |
| അകർമക ക്രിയ | - കർമമില്ലാത്ത ക്രിയ |
| ഖിലധാതുക്കൾ | - ഉറച്ചുപോയ ചില രൂപങ്ങളിൽ മാത്രം നടക്കുന്ന ക്രിയ. |

''മനുഷ്യരല്ലാതായവർ നടക്കുന്നതായിത്തോന്നിക്കുന്ന മനുഷ്യർ
വാസ്തവത്തിൽ നടക്കുന്നില്ല,
അവരുടെ ചെരിപ്പുകളും ഉടുപ്പുകളും
മാത്രമേ നടക്കുന്നുള്ളൂ
അവർ മനുഷ്യരല്ലാതാക്കപ്പെട്ടിരിക്കുന്നു''




**(കേദാർനാഥ് അഗർവാൾ)**

ഈ വരികളിൽ കേവലക്രിയക്കും കാരിതത്തിനും പ്രയോജക ക്രിയക്കും ഉദാഹരണമുണ്ട്. പക്ഷേ പ്രയോജകക്രിയയുടെ ചാരുവായ പ്രയോഗമാണ് കവിതയെ സാർഥകമാക്കിയിരിക്കുന്നത്.●

# മൈനസിന് വിട

1. ശ്രീലങ്കയ്ക്കും ഇന്ത്യയ്ക്കും ഇടയ്ക്കുള്ള കടലിടുക്ക് – പാക് കടലിടുക്ക്
ഗ്രീൻലാൻഡിനെയും ഐസ്‌ലാൻഡിനെയും വേർതിരിക്കുന്ന കടലിടുക്ക് – ഡെൻമാർക്ക് കടലിടുക്ക്
ഓസ്ട്രേലിയൻ വൻകരയെയും ടാസ്മാനിയ ദ്വീപിനെയും വേർതിരിക്കുന്ന കടലിടുക്ക് – ബാസ് കടലിടുക്ക്
അറ്റ്‌ലാന്റിക് സമുദ്രത്തിനും മെഡിറ്ററേനിയൻ സമുദ്രത്തിനും ഇടയിലുള്ള കടലിടുക്ക് – ജിബ്രാൾട്ടർ
2. അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതി – വൈറ്റ്ഹൗസ്
അമേരിക്കൻ പ്രസിഡന്റിന്റെ ഗ്രാമീണ വസതി – ക്യാമ്പ് ഡേവിഡ്
3. പൈ(π)യുടെ മൂല്യം നിർണ്ണയിച്ച ആദ്യത്തെ ഗണിതശാസ്ത്രജ്ഞൻ – ആർക്കിമിഡീസ്



പൈ(π)യുടെ നിലവിലുള്ള അംഗീകൃത മൂല്യം നിർണ്ണയിച്ചത് – ആര്യഭട്ടൻ
4. 'തിന്നുക, കുടിക്കുക, ആനന്ദിക്കുക' എന്നു പ്രഖ്യാപിച്ച ഇന്ത്യ തത്വചിന്തയേത്? – ചാർവാകദർശനം
'തിന്നുക, കുടിക്കുക, ആനന്ദിക്കുക' എന്ന ദർശനത്തിന് സമാനമായി പ്രാചീന ഗ്രീസിലുണ്ടായിരുന്ന ചിന്താപദ്ധതി – എപ്പിക്യൂറിയനിസം
5. 'പോയറ്റിക്സ്' രചിച്ച ഗ്രീക്ക് ചിന്തകൻ – അരിസ്റ്റോട്ടിൽ
'റിപ്പബ്ലിക്' രചിച്ച ഗ്രീക്ക് ചിന്തകൻ – പ്ലേറ്റോ





6. ഏറ്റവും വലിയ ചിത്രശലഭം –ക്വീൻ അലക്സാൻഡ്രിസ് ബേഡ്‌വിങ് (Ornithoptera alexandrae)
ഏറ്റവും വലിയ നിശാലഭം – ഹെർക്കുലീസ്
7. വൈറ്റമിൻ എ യുടെ കുറവ് കൊണ്ടുണ്ടാകുന്ന രോഗം – മാലക്കണ്ണ്
വൈറ്റമിൻ ബി.1 ന്റെ കുറവ് കൊണ്ടുണ്ടാകുന്ന രോഗം – ബെറി ബെറി രോഗം
വൈറ്റമിൻ ബി.5 ന്റെ കുറവ് കാരണമുള്ള രോഗം – പെല്ലാഗ്ര
വൈറ്റമിൻ സി യുടെ കുറവ് കാരണമുള്ള രോഗം – സ്കർവി
വൈറ്റമിൻ ഡി യുടെ കുറവ് കൊണ്ടുണ്ടാകുന്ന രോഗം – കണരോഗം
8. 'നക്കീരൻ' എന്ന തമിഴ് വാരികയുടെ പത്രാധിപർ – ആർ. ആർ. ഗോപാൽ



'തുഗ്ലക്ക്' എന്ന പ്രശസ്ത് തമിഴ് വാരികയുടെ പത്രാധിപർ – ചോ രാമസ്വാമി
9. തോമസ് ഹാർഡി തന്റെ നോവലുകളുടെ പശ്ചാത്തലമായി സൃഷ്ടിച്ച സാങ്കൽപിക ഭൂപ്രദേശം – വെസക്സ്
വില്യം ഫോക്നർ സൃഷ്ടിച്ച സാങ്കൽപിക ഭൂപ്രദേശം – യോക്നാപട്ടാഫ
ആർ.കെ. നാരായണൻ സൃഷ്ടിച്ച സാങ്കൽപിക ഭൂപ്രദേശം – മാൽഗുഡി
10. ഇന്ത്യയുടെ ദേശീയ ഗാനമായ 'ജനഗണമന' ആദ്യമായി പ്രസിദ്ധീകരിച്ചത് 1912 ജനുവരിയിൽ തത്ത്വബോധിനി പത്രത്തിൽ 'ഭാരത് വിധാത' എന്ന തലക്കെട്ടിൽ
ദേശീയഗീതമായ 'വന്ദേമാതരം' പ്രസിദ്ധീകരിച്ചത് 1882 ൽ ബങ്കിം ചന്ദ്ര ചാറ്റർജി രചിച്ച 'ആനന്ദമഠം' എന്ന നോവലിൽ
11. തായ്‌ലാൻഡിലെ രാജകുടുംബത്തിന്റെ ഔദ്യോഗിക വസതി – ചിത്രലതാ വില്ല
ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗിക വസതി – ബക്കിങ്ഹാം കൊട്ടാരം
നേപ്പാൾ രാജാവിന്റെ ഔദ്യോഗിക വസതി – നാരായൺഹിതി കൊട്ടാരം
12. വനങ്ങളുടെയും തടാകങ്ങളുടെയും നാട് എന്നറിയപ്പെടുന്നത് – ഫിൻലാൻഡ്
കനാലുകളുടെ നാട് – പാകിസ്ഥാൻ
നദികളുടെയും കൈവഴികളുടെയും നാട് – ബംഗ്ലാദേശ്

13 ബെഞ്ചമിൻ ബെയ്‌ലിയുടെ നേതൃത്വത്തിൽ ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) കോട്ടയത്ത് പ്രസ്സ് ആരംഭിച്ചത് – 1821
കോട്ടയത്ത് നാഷണൽ ബുക് സ്റ്റാൾ ആരംഭിച്ചത് – 1945 (ജനുവരി 1)
കോട്ടയത്ത് ഡി.സി. ബുക്സ് ആരംഭിച്ചത് – 1974 (ആഗസ്ത് 29)
14. ന്യാസാലാന്റ് എന്ന ആഫ്രിക്കൻ രാജ്യത്തിന്റെ ഇപ്പോഴത്തെ പേര് – മലാവി
ബെച്വാനലാന്റ് എന്ന ആഫ്രിക്കൻ രാജ്യത്തിന്റെ ഇപ്പോഴത്തെ പേര് – ബോട്സ്വാന
ഗോൾഡ് കോസ്റ്റ് എന്നറിയപ്പെട്ടിരുന്ന ആഫ്രിക്കൻ രാജ്യം – ഘാന
അബിസീനിയ എന്നറിയപ്പെട്ടിരുന്ന ആഫ്രിക്കൻ രാജ്യം – എത്യോപ്യ
15. അംജദ് അലി ഖാൻ ഏത് സംഗീതോപകരണത്തിന്റെ



വാദകനാണ് ? – സരോദ്
അള്ളാ റഖ ഖാൻ ഏത് സംഗീതോപകരണത്തിന്റെ വാദകനാണ് ? – തബല
16. ജലത്തിൽ അലിയുന്ന വൈറ്റമിനുകൾ – വൈറ്റമിൻ ബി, സി
കൊഴുപ്പിൽ അലിയുന്ന വൈറ്റമിനുകൾ – വൈറ്റമിൻ എ, ഡി, ഇ, കെ
17. റെറ്റിനോൾ എന്നറിയപ്പെടുന്ന വൈറ്റമിൻ – വൈറ്റമിൻ എ
തയാമിൻ എന്നറിയപ്പെടുന്ന വൈറ്റമിൻ – വൈറ്റമിൻ ബി
അസ്കോർബിക് ആസിഡ് എന്നറിയപ്പെടുന്ന വൈറ്റമിൻ – വൈറ്റമിൻ സി
സൂര്യപ്രകാശ വൈറ്റമിൻ എന്നറിയപ്പെടുന്നത് – വൈറ്റമിൻ ഡി
18. പ്രൊഫസർ വാൻ ഹെൽസിങ് എന്ന പ്രേതോച്ചാടകനെ സൃഷ്ടിച്ച നോവലിസ്റ്റ് – ബ്രാം സ്റ്റോക്കർ
ഡോക്ടർ ഫോസ്റ്റസ് എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് ക്രിസ്റ്റഫർ മാർലോ



# ENRICH YOUR GK

**Rajeshkumar S**

1. Which pair is wrongly matched?
a) Father of basket ball-James Naismith
b) Father of boxing-Jack Broton
c) Father of cricket-C S Marryoft
d) Hockey Wizard-Dhanraj Pillai
2. 'Michael Schumacher' is associated with which sports event?
a) Mountaineering b) Archery
c) Cycling d) Motor racing
3. The ruler who introduced tapioca cultivation in Kerala was
a) Ayilyam Thirunal b) Visakhom Thirunal
c. Sree chithira Thirunal d) Marthandavarma
4. 'Bloody Sunday' is associated with which among the following revolutions?
a) French Revolution b) Glorious Revolution
c) Russian Revolution d) Chinese Revolution
5. Budget was introduced in India for the first time during the period of--------
a) Lord Ripon b) Lord Wellesley
c) Lord Canning d) Lord Curzon
6. Which among the following were the signatories of Tripple Entente?
a) Russia, Englad, France b) Russia, Germany, France
c) Germany, France, Italy d) Russia, Austria, Japan
7. The Travancore ruler who ruled for most number of years was
a) Ayilyam Thirunal b) Dharmaraja
c) Sree Chithira Thirunal d) Swathi Thirunal
8. Which among the following books were NOT written by Rousseau?
a) The Social Contract b) Emilie
c) The Spirit of Laws d) Confessions.
9. Who among the following is known as "The Child of French Revolution"?
a) Rousseau b) Montesquieu
c) Voltaire d) Napoleon
10. The Iron Pillar inscription at Mehrauli in Delhi record the achievements of
a) Samudragupta b) Chandragupta II
c) Napoleon d) Ashoka
11. Where did the February revolution take place?
a) Moscow b) Petrograd
c) Paris d) London
12. The word 'Guillotine' during French revolution era refers to
a) Torturing a person b) Prosecuting a Person
c) Beheading a Person d) Tax imposed on a person
13. Travancore Cochin State was formed in
a) 1956, November 1 b) 1950 January 26
c) 1948 August 15 d) 1949 July 1
14. The play Neel darpan is associated with
a) Champaran Revolt b) Salt Satyagraha
c) Indigo Revolt d) Santhal uprising
15. "Boston Tea Party" incident was associated with
a) American War of Independence
b) French Revolution
c) Glorious Revolution d) American Civil War
16. Who founded Vidya Poshini Sabha?
a) V T Bhattathirippad b) Sahodaran Ayyappan
c) K Kelappan d) Vaikunda Swamy
17. Which among the following is NOT writtten by Kalidasa, the famous poet and dramatist
a) Ritusamhara b) Hitopadesa
c) Reghuvamsa d) Vikramorvasiyam
18. Original name of Harshavardhana was
a) Siladithya b) Adivaraha
c) Gautama d) Amarasimha
19. To commemorate his victory over Gujarat Akbar the Great built the _______
a) Fatehpur Sikri b) Agra Fort
c) Buland Darwaza d) None of the above
| ധർമ്മച്ചിലവ് | ധർമ്മച്ചെലവ് |
| ധർമ്മതത്വം | ധർമ്മതത്ത്വം |
| ധർമ്മ തോണി | ധർമ്മത്തോണി |
| ധർമ്മ പത്നി | ധർമ്മപത്നി |
| ധർമ്മപനഥാവ് | ധർമ്മപഥം |
| ധർമ്മ സങ്കടം | ധർമ്മസങ്കടം |
| ധർമ്മാനുഷ്ഠാനം | ധർമ്മാനുഷ്ഠാനം |
| ധർമ്മിഷ്ടൻ | ധർമ്മിഷ്ഠൻ |
| ധർമ്മോപദേഷ്ടാവ് | ധർമ്മോപദേഷ്ഠാവ് |
| ധന്വന്തരം | ധാന്വന്തരം |
| ധാരണാ പത്രം | ധാരണാപത്രം |
| ധാരണാപിശക് | ധാരണപ്പിശക് |
| ധാരണാ ശക്തി | ധാരണാശക്തി |
| ധാരണാ തോണി | ധാരണത്തോണി (ധാരത്തോണി) |
| ധാർമ്മിക ഉപദേശം | ധാർമ്മികോപദേശം |
| ധാർമ്മികോപദേശക സമിതി | ധാരമ്മികോപദേശകസമിതി |
| ധാർമ്മികത്വം | ധാർമ്മികത്വം |
| ധിഷണാ ശാലി | ധിഷണാശാലി |
| ധൃതി | ധിറുതി |
| ധിറുതി കൂട്ടുക | ധിറുതികൂട്ടുക |
| ധൂർത്ത പുത്രൻ | ധൂർത്തപുത്രൻ |
| ധൃത ഗതി | ധൃതഗതി |
| ധൃതരാഷ്ട്ര ആലിംഗനം | ധൃതരാഷ്ട്രാലിംഗനം |
| ധ്രുവ കരടി | ധ്രുവക്കരടി |
| ധ്രുവ ദീപ്തി | ധ്രുവദീപ്തി |

*(തുടരും)*

# REVISED DATES OF EXAMINATIONS POSTPONED FROM- 20.04.2021 TO 20.05.2021

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 1 | 01.07.2021<br>THURSDAY<br>9.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT (Direct Recruitment)<br>MAIN EXAMINATION<br>COMPULSORY SUBJECT<br>Paper I- General Knowledge<br>Maximum Marks : 100 Duration : 2 hrs<br>Medium of Question : English Mode of Exam : Descriptive<br>(Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.2021 | 190/2016 |
| 2 | 01.07.2021<br>THURSDAY<br>9.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT (SR from among SC/ST)<br>MAIN EXAMINATION<br>COMPULSORY SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 1 & 2 ABOVE** | |
| 3 | 01.07.2021<br>THURSDAY<br>1.00 pm to<br>3.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>MAIN EXAMINATION<br>COMPULSORY SUBJECT<br>**Paper II- English**<br>(Essay and Precis writing, etc)<br>Maximum Marks : 100 Duration : 2 hrs<br>Medium of Question : English Mode of Exam : Descriptive<br>(Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.2021 | 190/2016 |
| 4 | 01.07.2021<br>THURSDAY<br>1.00 pm to<br>3.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>(SR from among SC/ST)<br>MAIN EXAMINATION<br>COMPULSORY SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 3 & 4 ABOVE** | |
| 5 | 02.07.2021<br>FRIDAY<br>8.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>MAIN EXAMINATION<br>OPTIONAL SUBJECT<br>1) Computer Application 2) Botany 3) Mechanical Engineering Graduate Level 4) Electrical Engineering 5) Computer Engineering } Graduate Level<br>Maximum Marks : 200 Duration : 3 hrs<br>Medium of Question : English<br>Mode of Exam : Descriptive<br>(Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.20211. | 190/2016 |
| 6 | 02.07.2021<br>FRIDAY<br>8.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>(SR from among SC/ST)<br>MAIN EXAMINATION<br>OPTIONAL SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 5 & 6 ABOVE** | |
| 7 | 02.07.2021<br>FRIDAY<br>1.00 pm to<br>4.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>MAIN EXAMINATION<br>OPTIONAL SUBJECT<br>1. Electronics Engineering 2. Chemistry 3. Geology<br>Maximum Marks : 200 Duration : 3 hrs<br>Medium of Question : English<br>Mode of Exam : Descriptive (Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.2021 | 190/2016 |
| 8 | 02.07.2021<br>FRIDAY<br>1.00 pm to<br>4.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>(SR from among SC/ST)<br>MAIN EXAMINATION<br>OPTIONAL SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 7 & 8 ABOVE** | |
| 9 | 05.07.2021<br>MONDAY<br>8.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>MAIN EXAMINATION<br>OPTIONAL SUBJECT<br>1. Computer Science 2. Forestry<br>Maximum Marks : 200 Duration :3 hrs Medium of Question : English<br>Mode of Exam : Descriptive (Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.2021 | 190/2016 |
| 10 | 05.07.2021<br>MONDAY<br>8.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>(SR from among SC/ST)<br>MAIN EXAMINATION<br>OPTIONAL SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 9 & 10 ABOVE** | |
| 11 | 05.07.2021<br>MONDAY<br>1.00 pm to<br>4.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>MAIN EXAMINATION<br>OPTIONAL SUBJECT<br>1. Agriculture 2. Physics 3. Zoology<br>Maximum Marks : 200 Duration : 3 hrs<br>Medium of Question : English Mode of Exam : Descriptive<br>(Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.2021 | 190/2016 |
| 12 | 05.07.2021<br>MONDAY<br>1.00 pm to<br>4.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT (SR from among SC/ST)<br>MAIN EXAMINATION<br>OPTIONAL SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 11 & 12 ABOVE** | |
| 13 | 06.07.2021<br>TUESDAY<br>8.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>MAIN EXAMINATION<br>OPTIONAL SUBJECT<br>1. Maths 2. Statistics 3. Horticulture<br>Maximum Marks : 200 Duration : 3 hrs<br>Medium of Question : English<br>Mode of Exam : Descriptive<br>(Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.2021 | 190/2016 |
| 14 | 06.07.2021<br>TUESDAY<br>8.30 am to<br>12.00 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>(SR from among SC/ST)<br>MAIN EXAMINATION<br>OPTIONAL SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 13 & 14 ABOVE** | |
| 15 | 06.07.2021<br>TUESDAY<br>1.00 pm to<br>4.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT<br>MAIN EXAMINATION<br>OPTIONAL SUBJECT<br>Environmental Science<br>Maximum Marks : 200 Duration : 3 hrs<br>Medium of Question : English Mode of Exam : Descriptive<br>(Question cum Answer Booklet Model)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 16.06.2021 | 190/2016 |
| 16 | 06.07.2021<br>TUESDAY<br>1.00 pm to<br>4.30 pm | RANGE FOREST OFFICER<br>KERALA FOREST DEPARTMENT (SR from among SC/ST)<br>MAIN EXAMINATION<br>OPTIONAL SUBJECT | 330/2019 |
| | | **COMMON TEST FOR Sl.No. 15 & 16 ABOVE** | |
| 17 | 07.07.2021<br>WEDNESDAY | ASSISTANT PROFESSOR IN BUSINESS ADMINISTRATION<br>KERALA COLLEGIATE EDUCATION<br>Main Topics:- Questions based on Educational Qualification.<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : English<br>Mode of Exam : Written Test (Question cum Answer Booklet)<br>Candidates who successfully submitted their confirmation on or before 09.02.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 22.06.2021<br>09.02.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 22.06.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 046/2020<br><br>Further details regarding main topics are available in the website |
| 18 | 08.07.2021<br>THURSDAY | NURSE GRADE II (AYURVEDA)<br>AYURVEDA COLLEGES<br>Main Topics:- Questions based on Educational Qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : Malayalam<br>Mode of Exam : OMR (Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 09.02.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 23.06.2021<br>09.02.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 23.06.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 325/2019<br><br>TVM<br>EKM |

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 19 | 08.07.2021<br>THURSDAY | NURSE GRADE II (AYURVEDA)<br>INDIAN SYSTEMS OF MEDICINE | 537/2019<br>TVM, KLM<br>PTA, ALP<br>KTM, EKM<br>TSR, PKD<br>KKD, KNR<br>KZD |
| | | **COMMON TEST FOR Sl.No. 18 & 19 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ പതിനെട്ടിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 20 | 08.07.2021<br>THURSDAY | LECTURER IN APPLIED ART<br>TECHNICAL EDUCATION (FINE ARTS COLLEGES)<br>Main Topics:-<br>Questions based on Educational Qualification.<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : English<br>Mode of Exam : Written Test<br>(Question cum Answer Booklet)<br>Candidates who successfully submitted their confirmation on or before 09.02.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 23.06.2021<br>09.02.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 23.06.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 235/2018<br>Further details regarding main topics are available in the website |
| 21 | 09.07.2021<br>FRIDAY | STAFF NURSE GRADE II<br>HEALTH SERVICES<br>(SR FOR SC/ST AND ST ONLY)<br>Main Topics:- Questions based on Educational Qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR<br>(Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 09.02.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 24.06.2021<br>09.02.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 24.06.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 250/2020<br>TVM, KLM, PTA<br>ALP, KTM, IDK<br>EKM, TSR, PKD<br>MLP, KKD, WYD<br>KZD<br>Further details regarding main topics are available in the website |
| 22 | 12.07.2021<br>MONDAY | ASSISTANT PROFESSOR IN HISTORY<br>KERALA COLLEGIATE EDUCATION<br>Main Topics:- Questions based on Educational Qualification.<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : English<br>Mode of Exam : Written Test<br>(Question cum Answer Booklet)<br>Candidates who successfully submitted their confirmation on or before 09.02.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 28.06.2021<br>09.02.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 28.06.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 283/2019<br>Further details regarding main topics are available in the website |
| 23 | 15.07.2021<br>THURSDAY | LECTURER IN STATISTICS AND DEMOGRAPHY<br>MEDICAL EDUCATION<br>Main Topics:- Questions based on educational qualification<br>Maximum Marks : 100<br>Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR<br>(Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 30.06.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 30.06.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 280/2019<br>Further details regarding main topics are available in the website |
| 24 | 22.07.2021<br>THURSDAY | JUNIOR INSTRUCTOR (MECHANICAL AGRICULTURAL MACHINERY)<br>(SR FROM AMONG SC/ST AND ST ONLY)<br>INDUSTRIAL TRAINING<br>Main Topics:- Questions based on educational qualification<br>Maximum Marks : 100<br>Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR<br>(Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 07.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 07.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 300/2018<br>Further details regarding main topics are available in the website |
| 25 | 24.07.2021<br>SATURDAY | JUNIOR INSTRUCTOR (FOOD AND BEVERAGES GUEST SERVICE ASSISTANT)<br>INDUSTRIAL TRAINING DEPARTMENT<br>(NCA NOTIFICATION)<br>Main Topics:- Questions based on educational qualification<br>Maximum Marks : 100<br>Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR (Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 09.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 09.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 160/2018<br>EZHAVA/<br>THIYYA/<br>BILLAVA<br>Further details regarding main topics are available in the website |
| 26 | 24.07.2021<br>SATURDAY | JUNIOR INSTRUCTOR (FOOD AND BEVERAGES GUEST SERVICE ASSISTANT)<br>INDUSTRIAL TRAINING DEPARTMENT<br>(DIRECT RECRUITMENT) | 199/2020<br>Further details regarding main topics are available in the website |
| | | **COMMON TEST FOR Sl.No. 25 & 26 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഇരുപത്തിയഞ്ചിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 27 | 26.07.2021<br>MONDAY | STORES MANAGER/ MANAGER GRADE II<br>HANDICRAFTS DEVELOPMENT CORPORATION OF KERALA LIMITED<br>Main Topics:-<br>Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR (Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 12.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 12.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 252/2018<br>Further details regarding main topics are available in the website |
| 28 | 26.07.2021<br>MONDAY | MARKETING EXECUTIVE<br>KERALA TOURISM DEVELOPMENT CORPORATION LIMITED | 195/2019<br>Further details regarding main topics are available in |
| | | **COMMON TEST FOR Sl.No. 27 & 28 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഇരുപത്തിയേഴിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 29 | 27.07.2021<br>TUESDAY | ASSISTANT PROFESSOR IN STATISTICS<br>COLLEGIATE EDUCATION<br>Main Topics:- Questions based on educational qualification (PG Level)<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : English<br>Mode of Exam : Written Test<br>(Question cum Answer Booklet)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 12.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 12.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 278/2019<br>Further details regarding main topics are available in the website |
| 30 | 27.07.2021<br>TUESDAY | ASSISTANT PROFESSOR IN STATISTICS<br>COLLEGIATE EDUCATION (NCA NOTIFICATION) | 340/2019<br>EZHAVA/<br>THIYYA/<br>BILLAVA<br>Further details regarding main topics are available in the website |
| 31 | 27.07.2021<br>TUESDAY | ASSISTANT PROFESSOR IN STATISTICS<br>COLLEGIATE EDUCATION (NCA NOTIFICATION) | 341/2019<br>SC<br>Further details regarding main topics are available in the website |
| 32 | 27.07.2021<br>TUESDAY | ASSISTANT PROFESSOR IN STATISTICS<br>COLLEGIATE EDUCATION (NCA NOTIFICATION) | 429/2019<br>VISWAKARMA<br>Further details regarding main topics are available in the website |
| | | **COMMON TEST FOR Sl.No. 29, 30, 31 & 32 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഇരുപത്തിയൊമ്പതിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 33 | 27.07.2021<br>TUESDAY | II GRADE OVERSEER/ DRAFTSMAN (CIVIL)<br>PUBLIC WORKS/ IRRIGATION<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR<br>(Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 12.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 12.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 206/2020<br>Further details regarding main topics are available in the website |

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 34 | 27.07.2021<br>TUESDAY | OVERSEER GRADE II/ DRAFTSMAN GRADE II<br>LOCAL SELF GOVERNMENT DEPARTMENT | 324/2020<br>Further details regarding main topics are available in the website |
| | | **COMMON TEST FOR Sl.No. 33 & 34 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ മുപ്പത്തിമൂന്നിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 35 | 28.07.2021<br>WEDNESDAY | DRAFTSMAN GRADE II (MECHANICAL)<br>KERALA ELECTRICAL AND ALLIED ENGINEERING COMPANY LIMITED<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR (Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the www.keralapsc.gov.in from 13.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 13.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 388/2018 |
| 36 | 28.07.2021<br>WEDNESDAY | OVERSEER/ DRAFTSMAN (MECHANICAL) GRADE **II**<br>PWD/ IRRIGATION | 207/2020 |
| | | **COMMON TEST FOR Sl.No. 35 & 36 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ മുപ്പത്തിയഞ്ചിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 37 | 29.07.2021<br>THURSDAY | LIVE STOCK INSPECTOR GRADE II/<br>POULTRY ASSISTANT/ MILK RECORDER/<br>STORE KEEPER/ ENUMERATOR<br>ANIMAL HUSBANDRY (NCA Notification)<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR<br>(Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 14.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 14.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 375/2019<br>DHEEVARA<br>PTA<br>Further details regarding main topics are available in the website |
| 38 | 29.07.2021<br>THURSDAY | LIVE STOCK INSPECTOR GRADE II/<br>POULTRY ASSISTANT/ MILK RECORDER/<br>STORE KEEPER/ ENUMERATOR<br>(Direct Recruitment from Ex-Service Personnel/ Dependents of Ex-Service Personnel and Dependents of Defence Service Personnel) ANIMAL HUSBANDRY | 534/2019<br>TVM, KLM, PTA, ALP, KTM, IDK EKM, TSR, PKD, MLP, KKD, WYD, KNR, KZD<br>Further details regarding main topics are available in the website |
| 39 | 29.07.2021<br>THURSDAY | LIVE STOCK INSPECTOR GRADE II/<br>POULTRY ASSISTANT/ MILK RECORDER/<br>STORE KEEPER/ ENUMERATOR<br>(Direct Recruitment from Open Market)<br>ANIMAL HUSBANDRY | 535/2019<br>TVM, KLM, PTA, ALP, KTM, IDK EKM, TSR, PKD, MLP, KKD, WYD, KNR, KZD<br>Further details regarding main topics are available in the website |
| 40 | 29.07.2021<br>THURSDAY | LIVE STOCK INSPECTOR GRADE II/<br>POULTRY ASSISTANT/ MILK RECORDER/<br>STORE KEEPER/ ENUMERATOR<br>(By Transfer from Departmental candidates)<br>ANIMAL HUSBANDRY | 536/2019<br>TVM, KLM, PTA, ALP, KTM, IDK EKM, TSR, PKD, MLP, KKD, WYD, KNR<br>Further details regarding main topics are available in the website |
| 41 | 29.07.2021<br>THURSDAY | LIVE STOCK INSPECTOR GRADE II/<br>POULTRY ASSISTANT/ MILK RECORDER/<br>STORE KEEPER/ ENUMERATOR<br>(Open Market)<br>(NCA NOTIFICATION)<br>ANIMAL HUSBANDRY | 185/2020<br>HINDU<br>NADAR<br>TSR<br>Further details regarding main topics are available in the website |
| 42 | 29.07.2021<br>THURSDAY | LIVE STOCK INSPECTOR GRADE II/POULTRY ASSISTANT/MILK RECORDER/STORE KEEPER/ENUMERATOR<br>(SR FOR SC/ST ONLY)<br>ANIMAL HUSBANDRY | 252/2020<br>TVM<br>Further details regarding main topics are available in the website |
| 43 | 29.07.2021<br>THURSDAY | CHICK SEXER<br>ANIMAL HUSBANDRY | 102/2019<br>ALP, KTM, KKD<br>Further details regarding main topics are available in the website |
| | | **COMMON TEST FOR Sl.No. 37 TO 43 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ മുപ്പത്തിയേഴിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 44 | 30.07.2021<br>FRIDAY | JUNIOR INSTRUCTOR (WELDER)<br>INDUSTRIAL TRAINING DEPARTMENT (NCA NOTIFICATION)<br>Main Topics:- Questions based on educational qualification<br>(Diploma Level) Maximum Marks : 100<br>Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR<br>(Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 15.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 15.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 164/2018<br>LC/AI |
| 45 | 30.07.2021<br>FRIDAY | JUNIOR INSTRUCTOR (WELDER)<br>INDUSTRIAL TRAINING DEPARTMENT | 310/2019 |
| | | **COMMON TEST FOR Sl.No. 44 & 45 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ നാൽപത്തിനാലിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 46 | 31.07.2021<br>SATURDAY | WORK SUPERINTENDENT<br>AGRICULTURE (SOIL CONSERVATION UNIT)<br>(NCA NOTIFICATION)<br>Main Topics:-<br>Questions based on educational qualification<br>Maximum Marks : 100<br>Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR<br>(Objective Multiple Choice)<br>Candidates who successfully submitted their confirmation on or before 11.03.2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 16.07.2021<br>11.03.2021 വരെ സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി 16.07.2021 മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 643/2017<br>HINDU<br>NADAR<br>KKD |
| 47 | 31.07.2021<br>SATURDAY | TRACER/OVERSEER GRADE III<br>KERALA WATER AUTHORITY | 244/2018 |
| 48 | 31.07.2021<br>SATURDAY | TRACER<br>SOIL SURVEY AND SOIL CONSERVATION | 399/2020<br>TSR |
| 49 | 31.07.2021<br>SATURDAY | DRAFTSMAN GR II<br>KERALA WATER AUTHORITY | 485/2020 |
| 50 | 31.07.2021<br>SATURDAY | WORK SUPERINTENDENT<br>SOIL SURVEY AND SOIL CONSERVATION | 498/2020<br>TVM<br>ALP, KTM<br>TSR,WYD<br>MLP, KNR |
| | | **COMMON TEST FOR Sl.No. 46 TO 50 ABOVE** ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ നാൽപ്പത്തിയാറിലെ വ്യവസ്ഥകൾ ബാധകമാണ്. | |

**NOTE:-** *1) It may be noted that apart from the Main Topics in the Syllabus referred to in the Examination Programme, questions from other topics related to the educational qualifications prescribed for the post may also appear in the question paper. There is no undertaking that all the topics mentioned under the sub head "Main Topics" may be covered in the question paper.*

*2) In addition to the Admission Tickets, candidates have to produce the original of any one of the following documents to prove their identity at the time of examination viz. Voters Identity Card, Passport, PAN Card, Driving License, Pass Book with photo issued by Nationalized Banks, Photo Identity Card issued by Government Departments, Photo Identity Card issued by Social Welfare Department, Govt. of Kerala to Physically Handicapped persons, Photo affixed Identity issued to the Ex-servicemen by the Zilla Sainik Welfare Officer / Discharge Certificate, Conductor License issued by Motor Vehicles Department, Photo affixed pass book issued by Scheduled Banks/Kerala State Co-operative Bank/ District Co-operative Banks, Photo affixed Identity Card issued by Public Sector Undertakings (various companies/ corporations/boards/ authority)/ Govt. autonomous institutions to their employees, Photo affixed Identity Card issued by Various Universities of Kerala to their employees, Photo affixed Medical Certificate issued by Medical Board to P.H. candidates Photo affixed Identity Card issued by Bar Council to those who are enrolled as Advocates, AADHAAR card issued by the Central Government, One Time Verification Certificate issued by Kerala Public Service Commission*

**Candidates who fail to produce Original Identity Proof will not be permitted to attend the examination.**






ബി സുരേഷ്

# പ്രകൃതിയിലെ സൂക്ഷ്മജീവികൾ

## സൂക്ഷ്മജീവികളും മനുഷ്യനും - 1

പ്രകൃതിയിൽ എല്ലായിടത്തും വ്യാപിച്ചുകിടക്കുന്ന ഒരു വിഭാഗമാണ് സൂക്ഷ്മജീവികൾ. ജീവൻ നിലനിൽക്കുന്ന മണ്ണ്, വായു, ജലം എന്നിവയ്ക്കുപുറമെ മനുഷ്യരുടെയും മറ്റു മൃഗങ്ങളുടെയും ചെടികളുടെയും ശരീരത്തിനുള്ളിലും സാധാരണ ജീവന് പിടിച്ചു നിൽക്കാൻ കഴിയാത്ത ചൂട് നീരുറവകൾ, അമ്ലത്തിന്റെ അളവ് കൂടിയ ഇടങ്ങൾ, മഞ്ഞുപാളികൾ മൂടിയ സ്ഥലങ്ങൾ തുടങ്ങിയവയിലെല്ലാം സൂക്ഷ്മജീവി സാന്നിധ്യം ഉണ്ട്. സൂക്ഷ്മ ജീവികളും മനുഷ്യരും തമ്മിലുള്ള ബന്ധം പണ്ടു മുതൽക്കേ തുടങ്ങിയതാണ്. ഇവ മനുഷ്യരിൽ മാരകമായ രോഗങ്ങൾ ഉണ്ടാക്കുന്നു. മനുഷ്യൻ ശേഖരിച്ചു വച്ചിരിക്കുന്ന ആഹാര സാധനങ്ങൾ കൈയ്യേറി നശിപ്പിക്കുന്നു. വിളകൾക്ക് രോഗങ്ങളുണ്ടാക്കി വ്യാപകമായ കൃഷിനാശമുണ്ടാക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സൂക്ഷ്മജീവികൾ നമുക്ക് ധാരാളം ഉപകാരപ്രദമായ കാര്യങ്ങളും സാധ്യമാക്കുന്നുണ്ട്. വികസിച്ചുവരുന്ന ജൈവസാങ്കേതികവിദ്യ സുക്ഷ്മജീവികളെ ഉപയോഗിച്ച് മനുഷ്യകുലത്തിനുള്ള ഉപയോഗങ്ങളെ വളരെയധികം വർധിപ്പിച്ചിരിക്കയാണ് ഇക്കാലത്ത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് അടുത്ത ലേഖനങ്ങളിൽ പ്രതിപാദിക്കാം. ഇപ്പോൾ സൂക്ഷ്മജീവികൾ എന്നു വിളിക്കുന്ന വിവിധ തരം ജീവിഘടകങ്ങളെപ്പറ്റി മനസ്സിലാക്കാം.

സൂക്ഷ്മജീവികൾ എന്നത് പൊതുവായ ഒരു പ്രയോഗമാണ്. ഇതിൽ ആകാരംകൊണ്ട് വളരെ സൂക്ഷ്മമായതും സൂക്ഷ്മദർശനി(microscope)യുടെ സഹായത്താൽ മാത്രം കാണാൻ കഴിയുന്ന ജീവികളും അതിൽ താഴെ അളവിൽ ആകാരമുള്ളതുമായ എല്ലാ ജീവികണങ്ങളും ഉൾപ്പെടുന്നു. പ്രോട്ടോസോവ, ഏകകോശ ആൽഗങ്ങൾ, ഫംഗസുകൾ, ബാക്ടീരിയകൾ, വൈറസുകൾ, വൈറോയിഡുകൾ, പ്രയോണുകൾ എന്നിവ ഇക്കൂട്ടത്തിൽപെടുന്നു.



പ്രോട്ടോസോവ എന്നറിയപ്പെടുന്നത് ഒരു കോശം മാത്രമുള്ള പുറമെനിന്നും ആഹാരം സ്വീകരിക്കുന്നതുമായ ജീവികളാണ്. പരിണാമത്തിൽ ബഹുകോശ ജന്തുക്കളുടെ മുൻഗാമികളായാണ് ഇവ അറിയപ്പെടുന്നത്. ഈ വിഭാഗത്തിലെ പ്രധാന ജീവികൾ അമീബ, പാരമീസിയം, യൂഗ്ലിന, ട്രിപാനോസോമ, പ്ലാസ്മോഡിയം തുടങ്ങിയവയാണ്.

ഏകകോശ ആൽഗകൾ പ്രകാശസംശ്ലേഷണത്തിലൂടെ ആഹാരം നിർമ്മിക്കാൻ കഴിവുള്ള ജീവികളാണ്. ഡെസ്മിഡുകൾ, ഡയറ്റംസ്, ഡിനോഫ്ളജല്ലേറ്റ്സ്, ക്ലാമിഡമോണസ്, ക്ലോറല്ല എന്നിവ ഈ ഗണത്തിലെ ചിലവയാണ്. പ്രകൃതിയിലെ പ്രകാശ സംശ്ലേഷണത്തിന്റെ 80% നടത്തുന്നത് കടലിൽ വസിക്കുന്ന ഡയറ്റംസ് ആണ്. ക്ലോറെല്ലിൻ എന്ന ആന്റിബയോട്ടിക് ലഭിക്കുന്നത് ക്ലോറല്ല എന്ന ഏകകോശ ആൽഗയിൽ നിന്നാണ്.

ഫംഗസുകൾ എന്നു ലഘുജീവ ഗണത്തിന്റെ ശരീരം ഹൈഫ എന്ന് വിളിക്കുന്ന നിറമില്ലാത്ത തന്തുക്കൾകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഫംഗസുകളിൽ സ്വന്തമായി ആഹാരം നിർമ്മിക്കാനായി പ്രകാശത്തെ ആഗിരണം ചെയ്യുന്നതിനുള്ള വർണ്ണകങ്ങൾ ഇല്ലാത്തതിനാൽ മറ്റു ജീവികളെയോ ജീവനില്ലാത്ത ഓർഗാനിക് സ്രോതസ്സുകളെയോ ആണ് ആഹാരത്തിനായി ആശ്രയിക്കുന്നത്. ആദ്യമായി ആന്റിബയോട്ടിക് കണ്ടുപിടിക്കപ്പെട്ട പെൻസിലിയം തുടങ്ങി യീസ്റ്റ്, ആസ്പെർജില്ലസ്, ന്യൂറോസ്പോറ, ക്ലാവിസെപ്സ്, പക്സീനിയ, റൊട്ടിപൂപ്പ് (റൈസോപ്പസ്), കുമിൾ (അഗാരിക്കസ്), ആൾട്ടർനേറിയ, ട്രൈക്കോഡെർമ എന്നുവേണ്ട ബ്ലാക്ക് ഫംഗസ് രോഗമുണ്ടാകുന്ന മ്യൂക്കർ (mucor) വരെ ഈ ഇനത്തിൽപ്പെട്ടവയാണ്.

ബാക്ടീരിയകളെയാണ് യഥാർത്ഥത്തിൽ സൂക്ഷ്മജീവികൾ (microbes) ആയി വിവക്ഷിക്കുന്നത്. ജീവശാസ്ത്രശാഖയിൽ ഇത്രയധികം പഠനവിധേയമാക്കപ്പെട്ട വേറെ ജീവികൾ ഇല്ലെന്നതാണ് വാസ്തവം. ഏകകോശ ശരീരമുള്ളതും എന്നാൽ യഥാർത്ഥ മർമ്മമോ യഥാർത്ഥ കോശാംഗങ്ങളോ ഇല്ലാത്ത പ്രോകാരിയോട്ടുകളാണ് ബാക്ടീരിയകൾ. ഇവയിൽ ജീവന് നിലനിൽക്കാൻ കഴിയാത്ത കൊടുംചൂട്, ചതുപ്പ് നിലങ്ങൾ, ലവണങ്ങൾ കൂടുതൽ അടങ്ങിയ മണ്ണ് എന്നിവയിൽപോലും നിലനിൽക്കുന്നവയെ ആർക്കീ ബാക്ടീരിയകളെന്നു വിളിക്കുന്നു. മീഥേനോജൻസ്, സ്റ്റഫൈലോതെർമസ്, അസിഡി ലോബസ് എന്നിവ ഉദാഹരണങ്ങളാണ്. കുറച്ച് കോശങ്ങൾ കൂട്ടിച്ചേർത്ത് ശാഖകളില്ലാത്ത ചെറിയ തന്തുക്കളായി കാണപ്പെടുന്നതും വർണ്ണങ്ങളുടെ സഹായത്താൽ പ്രകാശ സംശ്ലേഷണം നടത്തി സ്വന്തമായി ആഹാരം നിർമ്മിക്കുന്നവയുമായ ഒരു വിഭാഗമാണ് സയാനോ ബാക്ടീരിയ. നാസ്റ്റോക്ക്, അനബീന, ഓസിലറ്റോറിയ, സ്പൈറുലൈന എന്നിവ ഇതിലുൾപ്പെടുന്നു. ബാക്കി ആയിരക്കണക്കിനു വരുന്ന ഇത്തരം ജീവഗണത്തിനെ യഥാർത്ഥ ബാക്ടീരിയ എന്നർത്ഥമുള്ള യൂബാക്ടീരിയ (Eubacteria) എന്നു വിളിക്കുന്നു. ഇതിൽ കോശങ്ങൾ ഒന്നിനോടു ചേർത്ത് തന്തുക്കളായി കാണപ്പെടുന്ന ഒരു വിഭാഗമാണ് ആക്ടിനോ മൈസീറ്റുകൾ ഇവയുടെ പ്രാധാന്യം ധാരാളം ആന്റിബയോട്ടിക്കുകൾ കീമോതെറാപിക്സ്, ഫംഗസ് നാശിനി, കളനാശിനി, Immunosuppressants എന്നിവയുടെ നിർമ്മാണത്തിനുപകരിക്കുന്നു എന്നതാണ്. മനുഷ്യരിലും മൃഗങ്ങളിലും സസ്യങ്ങളിലും വിവിധ രോഗങ്ങളുണ്ടാക്കുന്ന ബാക്ടീരിയകൾ ചപ്പുചവറുകളെയും പ്രകൃതിയിലെ ഓർഗാനിക് സാധനങ്ങളെയും വിഘടിപ്പിച്ച് അവയെ മണ്ണിൽ ചേർക്കുന്ന ബാക്ടീരിയകൾ ശാസ്ത്ര ഗവേഷണത്തിനായി ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തിയിട്ടുള്ള എസ്കെറേഷിയ കോളി എന്ന ബാക്ടീരിയ എന്നിവയെ നാം ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്.

വൈറസ് എന്നത് ഒരു നൂക്ലികാമ്ല (RNA അല്ലെങ്കിൽ DNA) ത്തെ പ്രോട്ടീൻ കവചംകൊണ്ട് പൊതിയുമ്പോൾ ഉണ്ടാകുന്ന നൂക്ലിയോ പ്രോട്ടീൻ തന്മാത്രയാണ്. ക്രിസ്റ്റലാക്കാൻ കഴിയുന്ന ഈ തന്മാത്രകൾ ജീവനുള്ള ഒരു കോശത്തിൽ പ്രവേശിക്കുമ്പോൾ മാത്രമാണ് ജീവലക്ഷണങ്ങൾ കാണിക്കുന്നത്. സ്വന്തമായി ഉപാപചയ സംവിധാനം ഇല്ലാത്തതുകൊണ്ട് വൈറസുകൾ അവയുടെ നൂക്ലികാമ്ലം ഉപയോഗിച്ച് ആതിഥേയ കോശത്തിന്റെ ഉപാപചയ സംവിധാനം ഉപയോഗപ്പെടുത്തി പ്രത്യുത്പാദനം അടക്കം സ്വന്തം കാര്യങ്ങൾ ചെയ്യുന്നു. ചെടികളെ ആക്രമിക്കുന്ന വൈറസുകളിൽ ന്യൂക്ലികാമ്ലം RNA ആയിരിക്കും. ബാക്ടീരിയകളെ മാത്രം ആക്രമിക്കുന്ന വൈറസുകളെ ബാക്ടീരിയോഫേജ് എന്നു വിളിക്കുന്നു. വൈറസുകൾ മനുഷ്യരിൽ ന്യുമോണിയ, ഇൻഫ്ളുവൻസ, സ്മാൾ പോക്സ്, എയിഡ്സ്, നിപ, കോവിഡ് തുടങ്ങിയ രോഗങ്ങൾക്ക് കാരണക്കാരാണ്.

വൈറോയിഡ് എന്നത് പ്രോട്ടീൻ ആവരണം ഇല്ലാത്ത RNA തന്മാത്രകളാണ്. 1971ൽ ഇവയുടെ സാന്നിധ്യം കണ്ടെത്തിയ റ്റി ഒ ഡയനർ വൈറോയിഡുകൾ ഉരുളകിഴങ്ങ് ചെടിയിൽ spindle tuber രോഗം ഉണ്ടാക്കുന്നതായി റിപ്പോർട്ട് ചെയ്തു. ചുരുക്കത്തിൽ പ്രോട്ടീൻ ആവരണം ഇല്ലാത്ത RNA വൈറസുകളാണ് വൈറോയിഡുകൾ എന്നു പറയാം.

പ്രയോൺ എന്നത് അസാധാരണമായ മടക്കുകൾ ഉള്ള പ്രോട്ടീൻ തന്മാത്രകളാണ്. ഒരു പ്രോട്ടീൻ തന്മാത്രയുടെ ജീവശാസ്ത്രപരമായ ധർമ്മം അവയുടെ സ്വാഭാവിക മടക്കുകളെ ആശ്രയിച്ചാണിരിക്കുന്നത്. തലച്ചോറിലെ പ്രയോണുകൾ സാധാരണ പ്രോട്ടീനുകളുടെ ഘടനയിൽ അസാധാരണമടക്കുകൾ സൃഷ്ടിച്ച് അവയെ ദോഷകരമായ ധർമ്മങ്ങൾ ചെയ്യുന്ന പ്രോട്ടീനാക്കി മാറ്റുന്നു. പ്രയോണുകൾ സാധാരണയായി മൃഗങ്ങളെയും മനുഷ്യരെയും ബാധിക്കാറുണ്ട്. മനുഷ്യരിൽ പ്രയോണുകൾ അടങ്ങിയ മാംസം ഭക്ഷിക്കുക വഴിയാണ് ഇവ എത്തുന്നത്. പ്രയോണുകൾ മൂലം മനുഷ്യരിൽ സർവ്വസാധാരണയായി ഉണ്ടാകുന്നതാണ് ക്രൂസ് ഫെൽറ്റ് ജേക്കബ് രോഗം. പ്രയോണുകളെക്കുറിച്ചുള്ള പഠനത്തിന് ഈ അടുത്ത കാലത്ത് നോബൽ സമ്മാനം നൽകിയിട്ടുണ്ട്.

സൂക്ഷ്മജീവികളെക്കുറിച്ചുള്ള പഠനം വളരെ ബൃഹത്തായ ഒന്നാണ്. സൂക്ഷ്മജീവികളെ പരിചയപ്പെടുത്താൻ അവയെക്കുറിച്ച് വളരെ ലഘുവായി പറഞ്ഞുപോയി എന്നു മാത്രം. ഇവയെക്കുറിച്ച് കൂടുതൽ വായന നടത്തി അറിവ് വർദ്ധിപ്പിക്കാം. തുടർന്നുള്ള ലേഖനങ്ങളിൽ സൂക്ഷ്മജീവികൾ മനുഷ്യന്റെ ജീവിതവുമായി ഗുണപരമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ച് ചർച്ച ചെയ്യാം. ●

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23



Rupees 10
June 15, 2021



# സമകാലികം

ഷിബു എ എസ്

1. യുഎൻ ജനറൽ അസംബ്ലിയുടെ 76-ാമത് സമ്മേളനത്തിന് അധ്യക്ഷനായി മാലിദ്വീപ് വിദേശകാര്യ മന്ത്രി അബ്ദുല്ലാ ഷാഹിദ് തെരഞ്ഞെടുക്കപ്പെട്ടു.
2. പൊതുവിദ്യാഭ്യാസ മേഖലയിലെ 2019 – 20 ലെ പ്രകടന സൂചികയിൽ (പി ജി ഐ) 901 പോയന്റ് നേടി കേരളം ഒന്നാമതെത്തി.
3. ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി 445 പുതിയ പച്ചത്തുരുത്തിന് തുടക്കംകുറിക്കും. നിലവിൽ സംസ്ഥാനത്ത് 1400 ലധികം പച്ചത്തുരുത്തുകൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്.
4. കനേഡിയൻ ചലച്ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അംഗീകൃത അക്കാദമി നൽകുന്ന ഹോളിവുഡ് നോർത്ത് ഫിലിം അവാർഡ് മലയാളി സംഗീതജ്ഞനായ ജയദേവൻ നായർക്ക് ലഭിച്ചു. ഏറ്റവും മികച്ച സംഗീത സംവിധായകന് നൽകുന്ന 'ബെസ്റ്റ് ഒറിജിനൽ സ്കോർ' വിഭാഗത്തിലാണ് അവാർഡ്.
5. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളെക്കുറിച്ച് പരാതി അറിയിക്കാനുള്ള മൊബൈൽ ആപ്പായ 'പി ഡബ്ല്യുഡി ഫോർ യു' (PWD4U) നിലവിൽ വന്നു.
6. 2021 ലെ 48 -ാമത് ലോക പരിസ്ഥിതി ദിനത്തിൽ ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന മുദ്രാവാക്യം 'ആവാസവ്യവസ്ഥയുടെ പുനരുദ്ധാരണം' എന്നതാണ്.
7. ലോകവനിതാ ടെന്നിസിൽ രണ്ടാം റാങ്കുകാരിയായ നവോമി ഒസാക്ക ഫ്രഞ്ച് ഓപ്പൺ ടെന്നിസിൽ നിന്ന് പിന്മാറി.
8. ഏഷ്യൻ ഗെയിംസിലെ സ്വർണമെഡൽ ജേതാവ് പ്രശസ്ത ഇന്ത്യൻ ബോക്സിങ് ചാമ്പ്യൻ ഡിങ്കോ സിങ് (42) അന്തരിച്ചു. 1998 ൽ അർജുന അവാർഡ്, 2013 ൽ പത്മശ്രീ പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.
9. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി അരുൺകുമാർ മിശ്രയെ തിരഞ്ഞെടുത്തു.
10. ഇന്ത്യയിൽ കണ്ടെത്തിയ ആദ്യ കൊറോണ വൈറസ് വകഭേദത്തിന് ലോക ആരോഗ്യ സംഘടന ഡെൽറ്റ എന്ന പേര് നൽകി.
11. ഫുട്ബോൾ രാജ്യാന്തര ഗോൾ നേട്ടത്തിൽ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ സുനിൽ ഛേത്രി രണ്ടാംസ്ഥാനത്ത്. അർജന്റീനയുടെ സൂപ്പർതാരം ലയണൽ മെസ്സിയെ പിന്നിലാക്കിയാണ് ഈ നേട്ടം. പോർച്ചുഗലിലെ ക്രിസ്റ്റ്യാനോ റൊണാൾഡോയാണ് ഒന്നാംസ്ഥാനത്ത്.
12. അമേരിക്കൻ പോപ്പ് ഗായകൻ ബില്ലി ജോ തോമസ് അന്തരിച്ചു.
13. 2021 ലെ അന്താരാഷ്ട്ര ബുക്കർ പ്രൈസ് ഫ്രഞ്ച് നോവലിസ്റ്റ് ഡേവിഡ് ഡിയോപ്പ് നേടി. ബുക്കർ പ്രൈസ് നേടുന്ന ആദ്യത്തെ ഫ്രഞ്ച് നോവലിസ്റ്റാണ്. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ഡിയോപ്പിന്റെ ആദ്യ നോവലായ അറ്റ് നൈറ്റ് ഓൾ ബ്ലഡ് ഈസ് ബ്ലാക്ക് (At Night All Blood is Black) എന്ന പുസ്തകത്തിനാണ് പുരസ്കാരം.
14. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ കിരീടം ചെക്ക് താരം ബാർബറ ക്രെജിക്കോവ നേടി. ഇതുവരെയും സീഡ് ചെയ്യപ്പെടാത്ത ബാർബറയുടെ കന്നി ഗ്രാന്റ് സ്ലാം കിരീടമാണിത്.
15. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷവിഭാഗം കിരീടം യൊകോവിച്ച് നേടി. ലോക ഒന്നാം നമ്പർ താരം യൊകോവിച്ച് ഗ്രീക്ക് താരം സ്റ്റെഫാനോസ് സിറ്റ്സിപാസിനെയാണ് തോൽപ്പിച്ചത്. യോകോവിച്ച് നേടുന്ന പത്തൊമ്പതാമത് ഗ്രാന്റ് സ്ലാം കിരീടമാണിത്. •

## ഓർമ്മകളിലേക്ക് കുടിയേറി ബുദ്ധദേബ് ദാസ് ഗുപ്ത




ബംഗാളി നവതരംഗ സിനിമയിലൂടെ ഇന്ത്യൻ സിനിമയെ ആഗോള പ്രശസ്തിയിലേക്ക് ഉയർത്തിയ വിഖ്യാത ചലച്ചിത്രകാരനും കവിയുമായ ബുദ്ധദേബ് ദാസ് ഗുപ്ത(77) വിടവാങ്ങി. സാമ്പത്തിക ശാസ്ത്രത്തിൽ അധ്യാപകനായിരുന്ന അദ്ദേഹം തന്റെ ചലച്ചിത്ര സപര്യയിലൂടെ അഞ്ചു തവണ മികച്ച സിനിമയ്ക്കും രണ്ടു തവണ സംവിധാനത്തിനും തിരക്കഥയ്ക്കും അടക്കം 12 ദേശീയ പുരസ്കാരങ്ങൾ നേടി.നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.

## പുലിറ്റ്സർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



അമേരിക്കയിൽ കറുത്തവർഗക്കാരനായ ജോർജ് ഫ്ളോയിഡിന്റെ കൊലപാതക ദൃശ്യങ്ങൾ ചിത്രീകരിച്ച ഡാർനെല്ല ഫ്രേസിയർ എന്ന പതിനെട്ടുകാരി പുലിറ്റ്സർ നേടി. ജോർജ് ഫ്ളോയ്ഡ് വധവും തുടർന്നുണ്ടായ സംഭവങ്ങളും റിപ്പോർട്ട് ചെയ്ത മിനിയാപൊലിസിലെ സ്റ്റാർ ട്രിബ്യൂണിനാണ് ബ്രേക്കിംഗ് ന്യൂസ് പുരസ്കാരം. മികച്ച രാജ്യാന്തര റിപ്പോർട്ടിനുള്ള പുലിറ്റ്സർ അമേരിക്കയിലെ ഇന്ത്യൻ വംശജ മേഘ രാജഗോപാലിനാണ് ലഭിച്ചത്. മറ്റൊരു ഇന്ത്യൻ വംശജനായ നീൽ ബേഡിയ്ക്കാണ് (തമ്പാ ബേ ടൈംസ്) പ്രാദേശിക റിപ്പോർട്ടിങ്ങിനുള്ള പുരസ്കാരം. മികച്ച സാഹിത്യ കൃതികൾക്കുള്ള പുരസ്കാരം ലൂയിസ് എർഡ്രിച്ചിന്റെ 'ദ നൈറ്റ് വാച്ച് മാൻ' എന്ന നോവലിനും ലെസ് പെയ്നും മകൾ തമാരാ പെയ്നും ചേർന്ന് എഴുതിയ 'ദ ഡെഡ് ആർ എറൈസിങ്' എന്ന മാൽകം എക്സിന്റെ ജീവചരിത്രത്തിനും ലഭിച്ചു.



ഡാർനെല്ല ഫ്രേസിയർ



മേഘ രാജഗോപാൽ



നീൽ ബേഡി




Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.